# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ
ആഗസ്റ്റ് 2024



സത്യം നിങ്ങളെ സ്വതന്ത്രരാക്കും
റൂബി ജൂബിലി ലോഗോ
പീറ്റർ പുത്തേഴത്ത് ; താമ്രപത്രം നേടിയ സ്വാതന്ത്ര്യ സമരസേനാനി
ഫാ. ജോർജ് പാടശ്ശേരി ; ക്രിസ്തുവിന്റെ സന്തോഷം വിളമ്പിയ വൈദീകൻ

# തൃശൂർ തിരുഹൃദയ
# റോമൻ കാത്തലിക്ക് ലത്തീൻ പള്ളി

# വി.അന്തോണീസിന്റെ
# 829 -ാം ജന്മദിന
# ചാരിറ്റി തിരുനാൾ



**2024 ആഗസ്റ്റ് 13 ചൊവ്വ**

**എവർക്കും സ്വാഗതം**

**ജന്മദിന തിരുനാൾ തിരുകർമ്മസമയങ്ങൾ**

**6.30** am, **8.30** am, **10.30** am, **3.00** pm,
**4.30** pm, **7.00** pm

മുഖ്യ കാർമ്മികൻ

**വെരി. റവ. മോൺ റോക്കി റോബിൻ കളത്തിൽ**

വൈകീട്ട് 8.00ന്
**829** kg തൂക്കവും **101** അടി നീളവുമുള്ള
അത്ഭുതങ്ങൾ നിറഞ്ഞ അന്തോണീസ് പുണ്യാളന്റെ
ജന്മദിന കേക്കിന്റെ ആശീർവാദവും, ജന്മദിന കേക്ക്
മുറിച്ച് പങ്കുവയ്ക്കലും

വി. അന്തോണീസിന്റെ
ജന്മദിന സമ്മാനമായി
മൂന്ന് ആശുപത്രികൾക്ക്
ഡയാലിസിസ്
ഫണ്ട് നൽകുന്നു

Nb: ജന്മദിന തിരുനാൾ ദിവസം വിശുദ്ധന് സ്നേഹ സമ്മാനങ്ങൾ
സമർപ്പിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും.

വി. അന്തോണീസിന് ലില്ലിപൂവ് സമർപ്പിക്കാനുള്ള സൗകര്യമുണ്ടായിരിക്കും.

അന്വേഷണങ്ങൾക്ക്.. PH: 0487-2422655, 9895895337
Email : latinsacredvoice@gmail.com

Sheebas



ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ



# എന്തുകൊണ്ടാണ് സ്വാതന്ത്ര്യ സമരങ്ങൾ തീരാതെ പോകുന്നത്?

*"ഡാഡീ, ആരാ ഈ ഗാന്ധി ?*
*അത് മ്മടെ ഗോഡ്സെ*
*വെടിവെച്ചുകൊന്ന ഒരാളാ മോനെ."*

(അർദ്ധനഗ്നം
*-മോഹനകൃഷ്ണൻ കാലടി*)

ഭാരതത്തിന്റെ 77-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ തയ്യാറെടുക്കുന്നതിന്റെ സന്തോഷത്തിലാണ് നമ്മൾ ഓരോരുത്തരും. 1947 ഓഗസ്റ്റ് പതിനാലാം തീയതി അർദ്ധരാത്രി മുതൽ ഭാരതാംബയുടെ മക്കൾ സ്വാതന്ത്ര്യത്തിന്റെ സന്തോഷം ആഘോഷിക്കുന്നു. പക്ഷേ **യഥാർത്ഥത്തിൽ സ്വാതന്ത്ര്യത്തിന്റെ സമരങ്ങൾ അവസാനിച്ചിട്ടുണ്ടോ?**

ഭാരതം സ്വതന്ത്രയായി എന്ന് കൊട്ടിഘോഷിക്കപ്പെടുമ്പോഴും ഭാരത മക്കളുടെ നല്ലൊരു ശതമാനവും യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ സന്തോഷം അനുഭവിക്കാതെ പോകുന്നുണ്ട്. ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കാതെ പോകുന്നുണ്ട്. **ഒരു നുണതന്നെ നൂറുതവണ ഉരുവിട്ട് ഉരുവിട്ട് സത്യത്തിന്റെ പൊയ്മുഖം കൊടുക്കുന്ന ഗീബൽസീയൻ നാസി തന്ത്രങ്ങൾക്കു മുമ്പിൽ ജീവിക്കാനുള്ള അവകാശങ്ങൾക്കുവേണ്ടി പോരാടുന്നവർ അടിച്ചമർത്തപ്പെടുന്നുണ്ട്.**


വല്ലാത്തൊരു കെട്ട കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. പത്രമാധ്യമ സ്വാതന്ത്ര്യത്തെ കൂച്ചുവിലങ്ങിടുന്നതിനുവേണ്ടി പേന പടവാളാക്കിയ മാധ്യമപ്രവർത്തകരെ നിശബ്ദരാക്കുവാൻ കൃത്യമായ തിരക്കഥയൊരുക്കി നടപ്പിലാക്കുന്ന, ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ ശബ്ദമുയർത്തിയ **ഗൗരി ലങ്കേഷിനെപ്പോലുള്ള മാധ്യമ പ്രവർത്തകരുടെ കൊലപാതകവും,** അടിച്ചമർത്തപ്പെടുന്ന **സിങ്കൂരിലെ കർഷക സമരങ്ങളും,** വെന്തുരുകുന്ന വെറുപ്പിന്റെയും ജാതിയുടെയും നരഗത്തീയിൽപ്പെട്ട് എരിഞ്ഞമരുന്ന **മണിപ്പൂരിലെ ക്രൈസ്തവ വിശ്വാസി**

**കളുടെ നിലവിളികളും,** കോർപ്പറേറ്റുകൾക്കായി തീറെഴുതി കൊടുക്കപ്പെട്ട് അവകാശങ്ങളൊക്കെ നഷ്ടപ്പെട്ടിട്ടും കള്ളകേസുകളിൽ കുടുക്കപ്പെടുമ്പോഴും തോറ്റു കൊടുക്കാൻ മനസ്സില്ലാതെ പൊരുതുന്ന **വിഴിഞ്ഞം പ്രദേശവാസികൾ പോലുള്ളവരെ അടിച്ചമർത്താൻ ഉപയോഗിക്കുന്ന ഫാസിസത്തിന്റെ മർക്കട മുഷ്ടിയും,** കടലാക്രമണത്തിൽ നിന്ന് രക്ഷപ്പെട്ട് ജീവിക്കാനുള്ള അവകാശത്തിനു വേണ്ടി, ആർത്തിരമ്പി കൊലവിളിയുമായി എത്തുന്ന തിരമാലകളിൽ നിന്നു രക്ഷപ്പെടുന്നതിനായി ഒരു കടൽഭിത്തിക്കുവേണ്ടി നെഞ്ചു പിടഞ്ഞ് സമരം ചെയ്യുന്ന അമ്മമാരും കുഞ്ഞുങ്ങളും അടങ്ങുന്ന **ചെല്ലാനം പോലുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ നിലവിളികൾക്ക് നേരെ കണ്ണും കാതും കൊടുക്കാത്ത ഭരണാധികാരികളും** ഉള്ളപ്പോൾ എങ്ങനെയാണ് സ്വാതന്ത്ര്യ സമരങ്ങൾ അവസാനിക്കുക?

**അഹിംസയും സത്യാഗ്രഹവും പടവാളാക്കി സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാവിനെക്കാൾ ഹിംസയും അക്രമവും കൈമുതലാക്കിയ ഗുണ്ടകളായ മനുഷ്യർ ആഘോഷിക്കപ്പെടുന്ന നാട്ടിൽ സ്വാതന്ത്ര്യദിനം കൊണ്ടാടുമ്പോൾ ഭരണാധികാരികൾക്കും പൗരന്മാർക്കും തിരിച്ചറിവുകൾ ഉണ്ടാകണം.** സ്വാതന്ത്ര്യം എന്നാൽ കുറച്ചുപേർക്ക് മാത്രം ജീവിക്കാനുള്ള അവകാശം അല്ല. ഭാരതത്തിൽ ജീവിക്കുന്ന ഓരോ മനുഷ്യനും തുല്യതയോടെ അർഹിക്കുന്ന അവകാശങ്ങൾ ലഭിക്കുമ്പോൾ മാത്രമാണ് സ്വാതന്ത്ര്യദിന ആഘോഷങ്ങൾക്ക് യഥാർത്ഥ സന്തോഷം കൈവരികയുള്ളൂ. ഭാരതമാതാവിന്റെ മക്കളായ നമുക്ക് നല്ലൊരു നാളേക്കായ് കൈകോർക്കാം.

***'സത്യം നിങ്ങളെ സ്വതന്ത്രരാക്കും'***

*(യോഹ. 8:32)*



# ദിദിമോസ്

**കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ആഗസ്റ്റ് 2024**

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
സത്യം നിങ്ങളെ സ്വതന്ത്രരാക്കും ........................ 4

റൂബി ജൂബിലി ലോഗോ .................................. 7

സ്വർഗത്തിലേക്കുള്ള വഴികാട്ടികൾ ....................... 8

പീറ്റർ പുത്തേഴത്ത് ;
താമ്രപത്രം നേടിയ സ്വാതന്ത്ര്യ സമരസേനാനി .......... 10

ഫാ. ജോർജ് പാടശ്ശേരി ;
ക്രിസ്തുവിന്റെ സന്തോഷം വിളമ്പിയ വൈദീകൻ ..... 11

*കറുപ്പ്*
ദൈവത്തിന്റെ കൈയ്യൊപ്പ് ............................. 13

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
രണ്ടാം വത്തിക്കാൻ കൗൺസിൽ ........................ 15

*അയൽക്കൂട്ടം*
ക്രിസ്തുവിന്റെ പിന്നാലെ ................................ 16

ആക്രി .................................................. 18

രൂപത വാർത്തകൾ ...................................... 19

പിതാവിന്റെ ഡയറി ...................................... 27

*പിൻമൊഴി*
ഇലക്ഷൻ 2024 .......................................... 28




ആഗസ്റ്റ് 14-ാം തീയതി
ജന്മദിനം ആഘോഷിക്കുന്ന
റവ. ഫാ. ബെഞ്ചമിൻ ജൈജു
ഇലഞ്ഞിക്കലിന്
പ്രാർത്ഥനാശംസകൾ
ആശംസകളോടെ...
ഇലഞ്ഞിക്കൽ കുടുംബാംഗങ്ങൾ


ജൂലൈ ൩൦-ാം തീയതി ജന്മദിനം ആഘോഷിച്ച
റവ. ഡോ. ഡൊമിനിക് പിൻഹീറോയ്ക്കും
ആഗസ്റ്റ് 4-ാം തീയതി ജന്മദിനം ആഘോഷിക്കുന്ന
റൈറ്റ് റവ. മോൺ. ഡെന്നീസ് കുറുപ്പശ്ശേരിക്കും
പ്രാർത്ഥനാശംസകൾ
ആശംസകളോടെ...
ഫാ. ജോൺസൺ പങ്കേത്ത്
ബാച്ച്മേറ്റ്



# സത്യം നിങ്ങളെ സ്വതന്ത്രരാക്കും

(യോഹ. 8:32)



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ആ**ഗസ്റ്റ് 15 ന് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗാരോപണവും ആചരിക്കുമ്പോൾ ഭാരതാംബയ്ക്കും പരിശുദ്ധ അമ്മയ്ക്കും ഇത് ആഘോഷിക്കുന്ന എല്ലാ മക്കൾക്കും ആശംസകളും പ്രാർത്ഥനകളും.

ആഘോഷങ്ങൾ അർത്ഥവത്താകണമെങ്കിൽ ആഘോഷങ്ങൾക്ക് അടിസ്ഥാനവും അതിനു തക്കതായ കാരണവുമുണ്ടാകണം. എന്താണ് സ്വാതന്ത്ര്യമെന്ന് ചിന്തിച്ചാൽ മാത്രമേ അതേക്കുറിച്ച് കൂടുതലായി പറയുവാൻ നമുക്ക് സാധിക്കുകയുള്ളൂ. **ആരുടേയും സമ്മർദ്ദമില്ലാതെ ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കുവാനുമുള്ള ഒരു വ്യക്തിയുടെ അവകാശവും കടമയുമാണത്.** തിരഞ്ഞെടുക്കുവാനും തീരുമാനമെടുക്കുവാനും അവകാശം നൽകുമ്പോൾ ഇത് മറ്റൊരാൾക്ക് പ്രതിബന്ധമായി തീരാതിരിക്കുവാനും ശ്രദ്ധിക്കുവാനുണ്ട്.

സ്വാതന്ത്ര്യത്തെ സ്വന്തമായി തന്ത്രം മെനയുവാനുള്ള കഴിവായി കണക്കാക്കാം. അങ്ങനെയെങ്കിൽ പാരതന്ത്ര്യം മറ്റുള്ളവരുടെ കളിപ്പാവകളായി തീരുന്നതിന് സമാനമാണ്. ഒരു **വ്യക്തിക്കുവേണ്ടി അവനോ അവളോ പദ്ധതിയൊരുക്കുവാൻ പ്രാപ്തനാ(യാ)വുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യമുള്ള വ്യക്തി ഉടലെടുക്കുന്നത്.**

നമ്മുടെ ഭാരതത്തിൽ അല്ലെങ്കിൽ കേരളത്തിൽ എത്രമാത്രം മക്കൾ യഥാർത്ഥത്തിൽ സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഓരോ കുടുംബത്തെക്കുറിച്ചും ഓരോ വ്യക്തിയെക്കുറിച്ചും സ്വപ്നം കാണുവാനും സ്വാതന്ത്ര്യ ചിന്തയുടെ ഹൃദയവായു പകർന്നു നൽകുവാനും നമുക്കും നമ്മുടെ പ്രസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ടോ? വലിയ മക്കളെവരെ സ്പൂൺ ഫീഡിംഗ് സംസ്ക്കാരത്തിന്റെ തടവറയിലാക്കുകയും മറ്റുള്ളവർ ഉപയോഗിച്ചെറിഞ്ഞ എല്ലിൻ കഷണങ്ങൾ വീണ്ടുമെടുത്ത് ചവച്ചുനോക്കുവാൻ പ്രേരിപ്പിക്കുന്നതുപോലെയാണിത്. **നമ്മുടെ മക്കളെ ചെറുപ്പം മുതലേ സ്വന്തം കാലിൽ നിൽക്കുവാനുള്ള പരിശീലനം നാം നൽകുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യം ഉടലെടുക്കുന്നത്.** വിദ്യാലയങ്ങളും കുടുംബങ്ങളും ഒരുമിച്ച് കൈകോർത്താൽ ഈ സ്വാതന്ത്ര്യം യാഥാർത്ഥ്യമാകും.

**സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ മുഖം നമ്മെ തുറന്നുകാണിക്കുന്ന ജീവിതമാണ് സ്വർഗാരോപിതയായ പരിശുദ്ധ മറിയം നൽകുന്നത്.** "ഇതാ, കർത്താവിന്റെ ദാസി" എന്ന വചനം ഏറ്റെടുത്ത ഒരു പെൺകുട്ടി അതൊരു വാഗ്ദാനം ആണെന്നു തിരിച്ചറിഞ്ഞുകൊണ്ട് പൂർണ്ണ സ്വാതന്ത്ര്യത്തോടെയാണ് ദൈവത്തിന്റെ അമ്മ

യായത്. ദൈവപുത്രനായ ഈശോയുടെ അമ്മയാവുക എന്ന ധർമ്മം മാത്രമല്ല; മനുഷ്യകുലത്തിനു മുഴുവൻ മാതാവായി ഈ ജഡികലോകത്തെ തൃണവത്കരിച്ച് സ്വർഗത്തോളം ഉയരാനുള്ള ദൗത്യവും അമ്മയിൽ നിക്ഷിപ്തമായിരുന്നു. എല്ലാ ആഗ്രഹങ്ങൾക്കും അതീതമായി, സ്വർഗ്ഗോന്മുഖരായി ജീവിക്കുമ്പോഴാണ് ദൈവത്തിന്റെ പദ്ധതിയനുസരിച്ച്, സത്യത്തെ അറിഞ്ഞ്, യഥാർത്ഥ സത്യമായ ക്രിസ്തുവിനെ അവതരിപ്പിച്ച് ജീവിക്കുമ്പോഴാണ് നാമേവരും സ്വർഗാരോപിതരായിത്തീരുക. സത്യത്തിലൂടെ ക്രിസ്തീയതയിലേയ്ക്ക്, ക്രിസ്തുവിലൂടെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും സ്വർഗ്ഗീയാനുഭവത്തിലേക്കും കടന്നുവരുവാൻ നമുക്കേവർക്കും കഴിയട്ടെ. ■

## സിസ്റ്റർ ടെസ്സി വാഴക്കൂട്ടത്തിൽ കാറ്റിക്കിസ്റ്റ് സിസ്റ്റേഴ്സ് മദർ ജനറൽ



കോട്ടപ്പുറം രൂപതാംഗമായ സിസ്റ്റർ ടെസ്സി വാഴക്കൂട്ടത്തിൽ ഇറ്റലി ആസ്ഥാനമായ കാറ്റിക്കിസ്റ്റ് സിസ്റ്റേഴ്സ് ഓഫ് ദി സേക്രഡ് ഹാർട്ട് ഓഫ് ജീസസ് സന്യാസ സഭയുടെ മദർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. ഇറ്റലിയിലെ കസോറിയയിൽ വച്ച് നടന്ന ചാപ്റ്ററിലാണ് പുതിയ മദർ ജനറലിനെ തിരഞ്ഞെടുത്തത്. കാര മൗണ്ട് കാർമൽ ഇടവക വാഴക്കൂട്ടത്തിൽ തോമസ്, അമ്മിണി ദമ്പതികളുടെ മകളായി 1975 ഫെബ്രുവരി 18ന് ജനിച്ച സിസ്റ്റർ ടെസ്സി 1998 ആഗസ്റ്റ് മാസം 6-ാം തീയതിയാണ് പ്രഥമ വ്രതവാഗ്ദാനം നടത്തിയത്. 1905 ൽ ഇറ്റലിയിലെ നാപൊളിയിൽ വിശുദ്ധ ജൂലിയ സൽസാനൊ സ്ഥാപിച്ച കാറ്റിക്കിസ്റ്റ് സിസ്റ്റേഴ്സ് സന്യാസസഭ ഇറ്റലി, പെറു, ബ്രസീൽ, ഇന്തോനേഷ്യ, കാനഡ, കൊളംബിയ, ഫിലിപ്പീൻസ്, ഇന്ത്യ എന്നീ രാജ്യങ്ങളിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. വടക്കൻ പറവൂരിലും കണ്ണൂരിലുമായി രണ്ട് സന്യാസ ഭവനങ്ങൾ സഭയുടെതായി പ്രവർത്തിക്കുന്നുണ്ട്.

## ജൂനിയർ നാഷണൽ പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് ഗോൾഡ് (squat) Overall 4th



**ഏയ്ഞ്ചൽ പി.**
സെന്റ് മൈക്കിൾസ് കത്തീഡ്രൽ,
കോട്ടപ്പുറം



കേരള ബാർ കൗൺസിൽ നടത്തിയ എൻറോൾമെന്റ് ചടങ്ങിൽ മതിലകം സെന്റ് ജോസഫ് ഇടവകാംഗവും സെന്റ് ജോസഫ് യുവജന കൂട്ടായ്മയുടെ സെക്രട്ടറി കൂടിയായ **ഓലപ്രത്ത് അനിത ടൈറ്റസ് അഭിഭാഷകയായി** സന്നത് എടുത്തു.



കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ
അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.
ലൂക്കാ 4 : 19

# റൂബി ജൂബിലി ലോഗോ



ഫാ. റോക്കി റോബി
കളത്തിൽ

**ലോ**ഗോയിൽ കാണുന്ന നൗക കോട്ടപ്പുറം രൂപതയാകുന്ന വിശ്വാസ നൗകയെ പ്രതിനിധീകരിക്കുന്നു. നൗകയുടെ രണ്ട് അറ്റങ്ങളിലുമായി **രൂപത മധ്യസ്ഥനായ ഭാരത അപ്പസ്തോലൻ വി.തോമസിന്റെയും ഭാരതത്തിന്റെ ദ്വിതീയ അപ്പോസ്തലനായ വി. ഫ്രാൻസിസ് സേവ്യറിന്റെയും സാന്നിധ്യം** രൂപതയുടെ പൈതൃകവും ഈ വിശുദ്ധരുമായുള്ള ബന്ധവും സൂചിപ്പിക്കുന്നു. നൗകയുടെ മധ്യത്തിൽ ഉയർന്നു നിൽക്കുന്ന കുരിശ് രക്ഷകനായ ക്രിസ്തുവിനെയും കുരിശുനൽകുന്ന രക്ഷയേയും രൂപത ഉയർത്തിപ്പിടിക്കുന്ന ക്രിസ്തു ചൈതന്യത്തെയും ദ്യോതിപ്പിക്കുന്നു. റൂബി ജൂബിലി വർഷത്തിൽ രൂപതയുടെ പുരോഗതിക്ക് വേണ്ടി ഓരോരുത്തരും ഏറ്റെടുക്കുന്ന സഹനങ്ങളാണ് രൂപതയുടെ വളർച്ചയും രക്ഷയും എന്ന സൂചന കൂടി നൽകുന്നു. നൗകയുടെ രണ്ട് പായ്കളിൽ ഒന്നിൽ കോട്ടപ്പുറം രൂപത എന്ന് എഴുതിയിട്ടുള്ളത് രൂപതയെയും, അതിലെ നീല നിറം രൂപത സ്ഥാപിതമായ മരിയൻ വർഷത്തെയും രൂപതയുടെമേലുള്ള പരിശുദ്ധ അമ്മയുടെ സംരക്ഷണത്തെയും അർത്ഥമാക്കുന്നു. രണ്ടാമത്തെ പായ്‌ലെ 40 എന്ന ലിഖിതം രൂപതയുടെ റൂബി ജൂബിലിയെ സൂചിപ്പിക്കുന്നു. റൂബി നിറമാണ് അതിനു നൽകിയിട്ടുള്ളത്. റൂബി ജൂബിലി വർഷത്തിന്റെ ആപ്തവാക്യമായ 'പൈതൃകഭൂവിൽ ഒരുമനമായ്' എന്നതിൽ പൈതൃകഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് നൗകയിലാണ്. കോട്ടപ്പുറം രൂപത വിശ്വാസത്തിന്റെ പൈതൃക ഭൂമിയാണ് എന്നാണ് ഇത് അർത്ഥമാക്കുന്നത്. താഴെയുള്ള മത്സ്യത്തിലാണ് ഒരുമനമായ് എന്ന ലിഖിതമുള്ളത്. മത്സ്യം (Ichthus (Greek) - meaning : Jesus Christ Son of God Saviour) ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. **'പൈതൃകഭൂവിൽ ഒരുമനമായ്' എന്ന ആപ്തവാക്യം വിശ്വാസത്തിന്റെ പൈതൃക ഭൂമിയിൽ ഒരു മനമോടെ പ്രവർത്തിച്ച് ക്രിസ്തുവിന്റെ പ്രേഷിതരായി വിശ്വാസത്തിന് സാക്ഷ്യം നൽകാനും രൂപതയുടെ ആത്മീയ ഭൗതിക വളർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ്.** പൈതൃക ഭൂമിയിൽ ഒരു മനമായ് എന്ന നാല് വാക്കുകളെ രണ്ടാക്കി ഒരുമിച്ചു ചേർത്തിരിക്കുന്നത്, മെത്രാനോടൊപ്പം വൈദീകരും സന്യസ്തരും അല്മായരും ഒരുമിച്ചു നിന്ന് രൂപതയുടെ ആന്മീയ - ഭൗതീക വളർച്ചയ്ക്കു വേണ്ടി ഒത്തൊരുമയോടെ പ്രവർത്തിക്കണം എന്ന സന്ദേശം പകരുന്നു.

വിജയപുരം രൂപതയിലെ വാഴൂർ മൗണ്ട് കാർമ്മൽ ഇടവകാംഗമായ ഐടി മേഖലയിൽ ജോലി ചെയ്യുന്ന **പ്രവീൺ ഐസക്കാണ്** റൂബി ജൂബിലി ലോഗോ മനോഹരമായി രൂപകല്പന ചെയ്തത്. ഫ്രാൻസിസ് പാപ്പയുടെ ദുബൈ, ബഹ്റിൻ സന്ദർശനങ്ങളുടെ ലോഗോയും കെ സി ബി സി യുടെ യുവജനവർഷ ലോഗോയും തയ്യാറാക്കിയതും ഇദ്ദേഹം തന്നെയാണ്. പി ഒ സി യുടെ ബൈബിൾ ആപ് തയ്യാറാക്കുന്ന ടീമിലും അംഗമായിരുന്നു. ■



# സ്വർഗത്തിലേക്കുള്ള വഴികാട്ടികൾ

**അനഘ ജെ.സി**

**ആ**രാലും മാനിക്കപ്പെടാതെ എല്ലാവരിലും പിന്തള്ളപ്പെട്ട ജീവിതത്തെ സ്വർഗം മാനിച്ചുയർത്തിയതിന്റെ ഓർമ്മയിലൂടെ കടന്നുപോകുന്ന ദിനമാണല്ലോ ആഗസ്റ്റ് 4. ഉന്നതത്തിലെ സ്വർഗം താഴ്മകൊണ്ട് കൈയ്യെത്തിപ്പിടിക്കാമെന്ന് ജീവിതംകൊണ്ടു തെളിയിച്ച **മഹാ വിശുദ്ധൻ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ** ആഘോഷിച്ച് നാം കഴിഞ്ഞ കാലങ്ങൾ എഴുതിച്ചേർത്ത താളുകൾ വായിച്ച് മറയ്ക്കുമ്പോൾ കൺമുൻപിലൂടെ കടന്നുപോകുന്ന ജീവിതങ്ങളിലേക്ക് ഒരു നിമിഷം മിഴിതുറക്കാം.

ഒരു കുടുംബത്തിൽ മാതാപിതാക്കളിൽ നിന്നും ജന്മമെടുത്ത് അവരുടെ കരുതലിലും സംരക്ഷണത്തിലും സഹോദരങ്ങളോടൊപ്പം വളർന്ന്, മറ്റുള്ളവർ ലോകത്തെ സ്വപ്നം കണ്ടപ്പോൾ തന്റെ സ്വപ്നങ്ങൾ ഉത്ഥിതന്റെ സ്വപ്നങ്ങളോടു ചേർത്തുവച്ച് സ്വഭവനത്തിൽ നിന്നും പടിയിറങ്ങിയവർ, സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും പരിമിതികളുള്ളവൻ, ആഗ്രഹങ്ങളെ നിഗ്രഹിക്കാനായവൻ, മുൻപിൽ വരുന്നവരാരായാലും മുഖംനോക്കാതെ കൂദാശകളേകുവാനും സാന്ത്വനമേകുവാനും സഹായമാകുവാനും സന്നദ്ധനായവൻ. സ്വഗൃഹത്തിൽ ജനനമായാലും മരണമായാലും വികാരങ്ങളടക്കാൻ വിളിക്കപ്പെട്ടവൻ. സ്വന്തം മാതാപിതാക്കളുടെപോലും മൃതസംസ്കാരച്ചടങ്ങിൽ മിഴികളിൽ നിറയുന്ന കണ്ണീർക്കണം പുറത്തേക്ക് തുളുമ്പാതെ പിടയുന്ന ചങ്കിനെ സ്വയം അമർത്തി വിതുമ്പുന്ന ചുണ്ടിൽ പുഞ്ചിരി വിടർത്തി എല്ലാവരേയും സ്വീകരിച്ച് യാത്രയാക്കുന്നവൻ. ഇങ്ങനെ രൂപപ്പെടാൻ മാത്രം വൈദികൻ കണ്ടത് ക്രൂശിൽ പ്രാണൻ പിടയുന്ന വേളയിലും സ്നേഹത്തോടെ സ്നേഹമേകിയവനെയാണ്.

ക്രിസ്ത്യാനികളായ നാം അനുദിനം വൈദികരുടെ സൗജന്യസേവനങ്ങൾ യാതൊരു മടിയും കൂടാതെ അവകാശഭാവത്തോടെ ഏറ്റുവാങ്ങി അവരുടെ കുറവുകൾ അത്യുച്ചത്തിൽ പ്രചരിപ്പിക്കാൻ തിടുക്കംകൂട്ടുന്നതിനു മുൻപ് ചിന്തിക്കേണ്ടത് ലോഹയ്ക്കുള്ളിൽ ബലിയാകാൻ സമർപ്പിച്ചത് നമ്മുടേതുപോലെ മാംസരക്തമുള്ള വേദനിക്കുന്ന ഹൃദയമുള്ള 'പച്ച മനുഷ്യൻ' ആണെന്ന യാഥാർത്ഥ്യമാണ്. ആ ജീവിങ്ങളിലെ തെറ്റുകുറ്റങ്ങൾ ലോകത്തെ വിളിച്ചറിയിക്കുന്ന സമൂഹ മാധ്യമങ്ങളുടെ നോട്ടമെത്താത്ത അകത്തളങ്ങളുണ്ട്.

വർഷങ്ങൾക്കു മുൻപ് പ്രളയമുണ്ടായപ്പോൾ ഉറ്റവരെയും ചേർത്ത് സുരക്ഷിത സ്ഥാനങ്ങളിൽ നാം ചേക്കേറിയപ്പോഴും, കോവിഡ് കാലഘട്ടത്തിലെ ലോക്ക്ഡൗണിൽ സ്വഭവനങ്ങളിൽ കുടുംബാംഗങ്ങളോടൊപ്പം നാം കഴിഞ്ഞപ്പോഴും പള്ളിമേടയിൽ ഏകരായി തങ്ങളുടെ ഉറ്റവരെയും ഉടയവരെയും



*അങ്ങയുടെ കല്പനകൾ തേടുന്നതുകൊണ്ടു ഞാൻ സ്വതന്ത്രമായി വ്യാപരിക്കും.*
സങ്കീർത്തനങ്ങൾ 119 : 45

കാണാനാകാതെ സക്രാരിക്കും അൾത്താരയ്ക്കും കാവലായി നിന്ന ഇവരുടെ ജീവിതങ്ങളെ ഒരു സമൂഹമാധ്യമങ്ങളും തേടിയെത്തിയില്ല. കോവിഡ് വന്ന് മരണമടഞ്ഞവരെ സംസ്കരിക്കാൻ ഇവർ നേതൃത്വം നൽകിയപ്പോഴും അത്ര വലിയ പ്രചാരണമൊന്നും കണ്ടില്ല. **രക്തബന്ധമല്ലാതിരുന്നിട്ടും തങ്ങളെ ഏൽപ്പിച്ച വിശ്വാസജനത്തിന്റെ വേദനകളിലും കഷ്ടതകളിലും മനമുരുകി ദൈവതിരുമുൻപിൽ നോമ്പും ഉപവാസവും അനുഷ്ഠിച്ച് നിത്യരക്ഷയിലേക്ക് അവരെ കൈപിടിച്ച് ഉയർത്താൻ ജീവിതം തപസ്സായി മാറ്റിയവർ.** ആരിൽ നിന്നെല്ലാം എന്തെല്ലാം വേദനകളുണ്ടായാലും എത്രയേറെ ശാരീരിക ക്ലേശങ്ങളുണ്ടായാലും ജനത്തിനു മുമ്പിൽ പരിഭവ പരാതികളുണർത്താതെ അനുദിന ദിവ്യബലിയിൽ സർവ്വം സമർപ്പിച്ച് ദിവ്യകാരുണ്യ നാഥന്റെ മുമ്പിൽ മുട്ടുകുത്തി ആഗ്രഹങ്ങളും നൊമ്പരങ്ങളും ഏറ്റുപറയുന്ന ഇവരുടെ ഹൃദയത്തെ മുറിപ്പെടുത്തുന്ന നമ്മോടു ദൈവം കാരുണ്യവാനായിരിക്കുമോ? കാരണം നാം നമ്മുടെ സന്തോഷത്തിന് ലോകത്തെ നേടിയപ്പോൾ അവർ ക്രൂശിതന്റെ സന്തോഷത്തിന് സ്വർഗത്തെ നൽകാൻ ലോകത്തെ ഉപേക്ഷിച്ചവരാണ്.

തിരുനാളുകളും വിശേഷദിനങ്ങളും ആഘോഷമാക്കി കടന്നുപോകുമ്പോൾ നമുക്ക് പരസ്പരം താങ്ങായ് തണലായ് മുറിപ്പെടുത്താത്ത ജീവിതങ്ങളായ് സഭയോടൊത്ത് ദൈവഹിതം നിറവേറ്റി മുന്നേറാം. 'ആർസിൽ ആദ്യമായെത്തിയ ദിവസം വഴികാണിച്ചുകൊടുത്ത അവിടുത്തെ തൊഴിലാളി ബാലനോട്, "ആർസിലേക്ക് നീ എനിക്ക് വഴികാട്ടിത്തന്നു. സ്വർഗത്തിലേക്ക് നിനക്ക് ഞാൻ വഴികാട്ടിത്തരാം'' എന്ന് ജോൺ മേരി വിയാനി പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്. വൈദിക ദിനം ആഘോഷിച്ച് കടന്നുപോകുമ്പോൾ നമ്മുടെ മുൻപിൽ എത്തുന്ന ഓരോ വൈദികനും നമുക്കുള്ള സ്വർഗത്തിലേക്കുള്ള വഴികാട്ടിയാണെന്ന തിരിച്ചറിവ് ഉണ്ടാകട്ടെ. ■



# പീറ്റർ പുത്തേഴത്ത്

## താമ്രപത്രം നേടിയ സ്വാതന്ത്ര്യ സമരസേനാനി




**ദിദിമോസ് ന്യൂസ് സർവ്വീസ്**

**ഇ**ന്നത്തെ കോട്ടപ്പുറം രൂപതയുടെ ഭാഗമായ വടക്കൻ പറവൂർ ഗോതുരുത്തു ഗ്രാമത്തിൽ 1904 ജനുവരി 24 നായിരുന്നു സ്വാതന്ത്ര്യ സമര സേനാനി ഔസേപ്പ് പീറ്റർ എന്ന പീറ്റർ പുത്തേഴത്തിന്റെ ജനനം. ശക്തൻ തമ്പുരാനുമായുള്ള ബന്ധത്തിൽ ഇടർച്ചയുണ്ടായതിനെ തുടർന്നു തൃശൂർ വിട്ടു പറവൂരിൽ താമസമാക്കിയ പുത്തേഴത്ത് കുടുംബശാഖയിലെ നാലാം തലമുറയിലാണു പീറ്റർ ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി തുടർ വിദ്യാഭ്യാസത്തിനായി മദ്രാസിലേക്കു പോയ പീറ്റർ സാമ്പത്തിക പരാധീനതകളെ തുടർന്നു 20-ാം വയസിൽ ജോലി തേടി സിലോണിലേക്കു (ശ്രീലങ്ക) പോയി. അഞ്ചു വർഷത്തോളം പലതരം ജോലികൾ ചെയ്തു സിലോണിൽ തങ്ങി. അതിനിടയിലാണ് ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണവിരുദ്ധ വികാരം ശക്തിപ്രാപിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി വിദേശത്തു ജോലി ചെയ്യുന്ന ഇന്ത്യക്കാർ നാട്ടിലേക്കു മടങ്ങിയെത്തി ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാവണമെന്ന മഹാത്മാ ഗാന്ധിയുടെ ആഹ്വാനത്തിൽ ആവേശഭരിതനായ പീറ്റർ നാട്ടിലേക്കു മടങ്ങിയെത്തി. ഗാന്ധിജി**യെ നേരിൽ കണ്ടു ദേശീയപ്രസ്ഥാനത്തിൽ പൂർണസമയ പ്രവർത്തകനാവാനുള്ള ആഗ്രഹം അറിയിച്ചു. തുടർന്നു ദണ്ഡിയാത്രയിലും ഉപ്പു സത്യഗ്രഹത്തിലും മഹാത്മാഗാന്ധിയോടൊപ്പം പങ്കെടുത്തു.** കേരളത്തിൽ മടങ്ങിയെത്തി അധ്യാപകനായി ജോലി ചെയ്തെങ്കിലും സ്വാതന്ത്ര്യ സമരപ്രക്ഷോഭത്തിന്റെ ഭാഗമായതിനാൽ ഒരിടത്തും ഉറച്ചു നിൽക്കാൻ കഴിയാതിരുന്നതോടെ അവിവാഹിതനായി തുടർന്നു. ഗാന്ധിജിയുടെ കേരള സന്ദർശന വേളയിൽ പലയിടങ്ങളിലും അദ്ദേഹത്തിന്റെ പ്രസംഗം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. ഇതിനിടയിൽ കൊടുങ്ങല്ലൂർ കോട്ടപ്പുറം സെന്റ് മൈക്കിൾസ് സ്കൂളിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം 1947ൽ രാജ്യത്തിനു സ്വാതന്ത്ര്യം ലഭിച്ചതോടെ പൂർണസമയ അധ്യാപകനായി അവിടെ സേവനം ചെയ്തു വിരമിച്ചു. ഗാന്ധിജിയുടെ വധത്തോടെ അദ്ദേഹം രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ചു. കോൺഗ്രസ് അധികാരത്തിലെത്തിയ ശേഷം പലതവണ പാർലമെന്ററി രാഷ്ട്രീയത്തിലേക്കു ക്ഷണം ലഭിച്ചിട്ടും അദ്ദേഹം അതു സ്വീകരിച്ചില്ല. **രാജ്യം താമ്രപത്രം നൽകി പീറ്റർ പുത്തേഴത്തിനെ ആദരിച്ചു.** 1982 നവംബർ 8ന് നിര്യാതനായി. ■



*രാജാക്കൻമാരുടെ മുൻപിലും ഞാൻ അങ്ങയുടെ കൽപനകളെപ്പറ്റി സംസാരിക്കും; ഞാൻ ലജ്ജിതനാവുകയില്ല.*
സങ്കീർത്തനങ്ങൾ 119 : 46

# ഫാ. ജോർജ് പാടശ്ശേരി :
# ക്രിസ്തുവിന്റെ സന്തോഷം വിളമ്പിയ വൈദീകൻ



**ദിദിമോസ് ന്യൂസ് സർവ്വീസ്**

**കോ**ട്ടപ്പുറം രൂപതയിലെ മുതിർന്ന വൈദികൻ **ഫാ. ജോർജ് പാടശേരി** (83) 2024 ജൂലൈ 14 ന് നിര്യാതനായി. പറവൂരിലുള്ള ജൂബിലി ഹോമിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ചികിത്സയിലായിരുന്നു.

കോട്ടപ്പുറം രൂപതയിലെ ആഢ്യത്വം നിറഞ്ഞ പൗരോഹിത്യത്തിന്റെ മുഖമായിരുന്നു പാടശ്ശേരിയച്ചൻ. **83 വർഷം നീണ്ട ശ്രേഷ്ഠമായ ജീവിതം. അഞ്ചര പതിറ്റാണ്ടുകളുടെ മഹിതമായ പൗരോഹിത്യ ശുശ്രൂഷ.** സോഷ്യൽ മീഡിയയിൽ ആരൊ കുറിച്ചതുപോലെ തുരുത്തൂർ ഇടവകയുടെ സ്വകാര്യ അഹങ്കാരമായിരുന്നു തുരുത്തൂരിൽ നിന്നുള്ള ഈ പ്രഥമ വൈദീകൻ. അവിഭക്ത വരാപ്പുഴ അതിരൂപതയിലും കോട്ടപ്പുറം രൂപയിലുമായി സേവനം ചെയ്തിട്ടുള്ള ഇടങ്ങളിലെല്ലാം ആടുകളെ പേരെടുത്ത് വിളിക്കാൻ പോന്ന രീതിയിൽ ബന്ധങ്ങളിൽ ഇഴയടുപ്പം കാത്തുസൂക്ഷിച്ച ഇടയനായിരുന്നു പാടശേരിയച്ചൻ.

പരിശുദ്ധ കുർബ്ബാനയോട് വലിയ ഭക്തിയുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരാഴ്ചയായി ആശുപത്രി കിടക്കയിൽ ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ദുഃഖം ദിവ്യബലി അർപ്പിക്കാൻ സാധിക്കുന്നില്ല എന്നതായിരുന്നു. പൗരോഹിത്യ സ്വീകരണ ദിവസം മുതൽ എത്ര ദിവ്യബലി അർപ്പിച്ചു എന്ന് കൃത്യമായി അഭിമാനത്തോടെ പറയുമായിരുന്നു. 2018 ലെ പ്രളയകാലത്താണ് നിധി പോലെ സൂക്ഷിച്ചുവെച്ച മാസ് ഡയറികൾ അദ്ദേഹത്തിന്റെ നഷ്ടപ്പെടുന്നത്. **ആ കാലഘട്ടം വരെ ഏകദേശം 24600 ദിവ്യബലികൾ അർപ്പിച്ചു എന്ന് അഭിമാനപൂർവ്വം പറയുന്നത് കേട്ടിട്ടുണ്ട്.** 83-ാമത്തെ വയസ്സിലും ദിവ്യബലി അർപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ ശബ്ദം യുവത്വപൂർണ്ണമായിരുന്നു; പ്രത്യേകമായ ഒരു അഭിഷേകവും ദിവ്യബലിക്ക് ഉണ്ടായിരുന്നു. അൾത്താരയിൽ നടന്ന് അൾത്താരയിൽ ജീവിച്ച് അൾത്താരയിൽ അവസാനിക്കുന്ന നിധിയാണ് വൈദികൻ എന്ന് ആരോ സാമൂഹ്യ മാധ്യമങ്ങളിൽ കുറിച്ചുവെച്ചതോർക്കുന്നു. വൈദീകജീവിതം അൾത്താരയിൽ അവസാനിക്കുകയല്ല, സ്വർഗ്ഗീയ ആൾത്താരയിലേക്ക് പറിച്ചു നടപ്പെടുകയാണ് ചെയ്യുന്നത് എന്നു വിശ്വസിച്ച വൈദീകനായിരുന്നു പാടശേരിയച്ചൻ.

നൽകുന്നതിന്റെ സന്തോഷം ജീവിതത്തിൽ പ്രതിഫലിപ്പിച്ച വ്യക്തിയായിരുന്നു ജോർജ്ജച്ചൻ. സ്വന്തം കാര്യങ്ങൾക്ക് വളരെ സൂക്ഷിച്ച് കുറച്ചു പണം മാത്രം ചെലവാക്കിയിരുന്ന അദ്ദേഹം അർഹിക്കുന്നവരെ, ആരും അറിയാതെ സഹായിച്ചിരുന്നു എന്ന് അദ്ദേഹത്തോട് അടുപ്പമുള്ള പലരും പറഞ്ഞുകേട്ടിട്ടുണ്ട്. വിശ്രമജീവിതം അദ്ദേഹം നൽകുന്നതിന്റെ ആഘോഷമാക്കി മാറ്റി. കയ്യിൽ ഉണ്ടായിരുന്ന സമ്പത്ത് മുഴുവൻ മുമ്പ് സേവനം ചെയ്ത പള്ളികൾക്കും സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ കാര്യങ്ങൾക്കും കാരുണ്യ പ്രവർത്തികൾക്കുമായി അകമഴിഞ്ഞു നൽകി. ക്രിസ്തുവിന്റെ സ്വയം ശൂന്യവൽക്കരണത്തിന്റെ

പാത ജീവിതത്തിലൂടെ വരച്ചുകാട്ടി. ഏതാനും നാളുകൾക്കു മുമ്പ് സന്തോഷപൂർവം പറഞ്ഞു 'പെട്ടിയെല്ലാം കാലിയായി'. സ്വർഗ്ഗയാത്രയ്ക്കുള്ള ഒരുക്കത്തിനായി കൊടുത്തുകൊടുത്ത് തന്റെ ഭാരം കുറച്ച് ആ യാത്ര അച്ചൻ സുഗമമാക്കുകയായിരുന്നു.

**പൗരോഹിത്യത്തിന്റെ അന്തസ്സും അച്ചടക്കവും ജീവിച്ച പുരോഹിതനായിരുന്നു അദ്ദേഹം.** വസ്ത്രധാരണത്തിലും നടപ്പിലും നിൽപ്പിലും പോലും പൗരോഹിത്യത്തിന്റെ അന്തസ്സും കുലീനതയും നിലനിർത്തി. മാസ് ഡയറി കൃത്യമായി സൂക്ഷിച്ചിരുന്നതുപോലെ പള്ളി കണക്കുകളും ഓരോദിവസം എഴുതി കൃത്യതയോടെ സൂക്ഷിച്ചു. ഇടവകളിൽ അനാവശ്യമായ കാര്യങ്ങൾക്ക് പണം ചെലവാക്കാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നെ പുതിയ ഇടവകയിലേക്ക് സ്ഥലം മറിപോകുമ്പോൾ പുതുതായി എത്തുന്ന വികാരിക്ക് പ്രവർത്തന ഫണ്ടായി നല്ലൊരു തുക നീക്കിയിരിപ്പുണ്ടാകുമായിരുന്നു. ജീവിതത്തിലെന്നപോലെ പള്ളികളിലെ രജിസ്റ്ററുകൾക്കെല്ലാം അടുക്കും ചിട്ടയുമെല്ലാം ഉണ്ടായിരുന്നു. യാമപ്രാർത്ഥനകൾക്കും ജപമാലക്കുമെല്ലാം കൃത്യമായ നിഷ്ഠ നിലനിർത്തി. **വിശ്വസ്തതയോടെ, കൃത്യതയോടെ തന്നെ ഏൽപ്പിച്ച കണക്കുപുസ്തകങ്ങൾ കാത്തുസൂക്ഷിച്ച അദ്ദേഹം ദൈവത്തിന്റെ കണക്കു പുസ്തകത്തിലും ഇടം കണ്ടെത്തിയിട്ടുണ്ടാകും.**

ജീവിതം ആഘോഷമാക്കി മാറ്റിയ വ്യക്തിയാണ് പാടശേരിയച്ചൻ; പ്രത്യേകിച്ച് വിശ്രമകാല ജീവിതം. സമൂഹത്തിലേക്ക് അദ്ദേഹം സന്നിവേശിപ്പിച്ചത് പൗരോഹിത്യത്തിന്റെ സന്തോഷവും ആനന്ദവും തന്നെയായിരുന്നു. നർമ്മങ്ങളും പൊട്ടിച്ചിരികളുംകൊണ്ട് ചെല്ലുന്നിടത്തെല്ലാം അച്ചൻ വിളമ്പിയത് ക്രിസ്തുവിന്റെ സന്തോഷം തന്നെയാണ്. പരിചിതരെന്നോ അപരിചിതരെന്നോ വ്യത്യാസമില്ലാതെ ഏത് തരക്കാരോടും പ്രായക്കാരോടും സംസാരിക്കാനും സൗഹൃദം കൂടാനും അദ്ദേഹം സമയം കണ്ടെത്തി. ചിരിച്ചും ചിരിപ്പിച്ചും സംസാരിച്ചും ജീവിതം അവസാന നിമിഷംവരെ ആഘോഷമാക്കി മാറ്റി.

തുരുത്തൂർ സെന്റ് തോമസ് ഇടവകയിൽ പാടശ്ശേരി വറീത് കൊച്ചുമറിയം ദമ്പതികളുടെ മകനായി 1942 ഏപ്രിൽ 27 ന് ആയിരുന്നു ജനനം. എറണാകുളം സെന്റ് ജോസഫ് മൈനർ സെമിനാരി, കാർമ്മഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലായി വൈദിക പഠനം പൂർത്തീകരിച്ചു. **1968 ഡിസംബർ 19 ന് അന്നത്തെ വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പറ്റിയിൽ നിന്ന് വൈദിക പട്ടം സ്വീകരിച്ചു.** അവിഭക്ത വരാപ്പുഴ അതിരൂപതയിലും കോട്ടപ്പുറം രൂപതയിലുമായി നിരവധി ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ ചെയ്തു. കർത്തേടം സെന്റ് ജോർജ്, എറണാകുളം, സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ എന്നിവിടങ്ങളിൽ സഹവികാരിയായും മുട്ടിനകം സെന്റ് മേരീസ്, സമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവ്യർ, മരട് സെന്റ് മേരി മാഗ്ദലിൻ, പോണേൽ സെന്റ് ഫ്രാൻസിസ് സേവ്യർ, തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് അസീസി, ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ, പള്ളിപ്പുറം മഞ്ഞുമാതാ, മതിലകം സെന്റ് ജോസഫ്, മാള പള്ളിപ്പുറം സെന്റ് ആന്റണി, കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തു. കൂടാതെ മരട് പിഎസ് മിഷൻ, പറവൂർ ഡോൺബോസ്കോ ആശുപത്രികളുടെ ഡയറക്ടറായും പ്രവർത്തിച്ചു.

സംസ്കാരകർമ്മങ്ങൾ വരാപ്പുഴ ആർച്ച്ബിഷപ്പ് എമിരിറ്റസ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ, കോട്ടപ്പുറം ബിഷപ്പ് എമിരിറ്റസ് ഡോ. ജോസഫ് കാരിക്കശ്ശേരി, കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, വരാപ്പുഴ സഹായമെത്രാൻ ഡോ. ആന്റണി വാലുങ്കൽ എന്നിവരുടെ മുഖ്യകാർമ്മികത്വത്തിൽ തുരുത്തൂർ സെന്റ് തോമസ് പള്ളിയിൽ നടന്നു. ■



*സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെമോചിപ്പിച്ചു.*
*അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നിൽക്കുവിൻ. അടിമത്തത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്.* ഗലാത്തിയാ 5 : 1

# ദൈവത്തിന്റെ കയ്യൊപ്പ്



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

**ഏ**തൊരു സാഹിത്യരൂപവും അതതു കാലത്തിന്റെ പ്രതിനിധിയാണ്. ജീവിതത്തിനു നേരെ പിടിച്ച കണ്ണാടിയായതുകൊണ്ട് ഒരു സമൂഹത്തിലെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മതപരമായ മാറ്റങ്ങൾ സാഹിത്യത്തിലും പ്രതിഫലിക്കുക സ്വാഭാവികമാണ്. ഇത്തരത്തിൽ ഒരു ഇടവകയേയും, അവിടെയുള്ള പള്ളിയെയും ബന്ധപ്പെടുത്തി ഒരു നിശ്ചിത കാലഘട്ടത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി നിർമ്മിച്ചിട്ടുള്ള നോവലാണ് ജോയി മാനാഞ്ചേരിക്കുന്ന് എഴുതിയ ***'ദൈവത്തിന്റെ കയ്യൊപ്പ്'*** എന്നു പേരുള്ള നോവൽ.

ജോയിയുടെ എല്ലാ കൃതികളും എനിക്ക് കൊണ്ടുവന്നു തന്നിട്ടുള്ളത് ഫാ. നോയൽ കുരിശിങ്കലാണ്. ഈ നോവലും എനിക്ക് വായിക്കാൻ കൊണ്ടുവന്നു തന്നത് നോയലച്ചനാണ്. ഈ നോവലിലെ ഒരു കഥാപാത്രമായ ഇടവക വികാരിയുടെ പേരും ഫാ. നോയലാണെന്നത് എന്നെ കൗതുകപ്പെടുത്തുന്നുണ്ട്.

മലയാള സാഹിത്യത്തിൽ പ്രത്യേകിച്ചും നോവലുകളിൽ ക്രിസ്തീയ പരിസരങ്ങൾ കഥാപരിചരണത്തിന് വിഷയമാകുന്നുവെങ്കിലും കത്തോലിക്കാ പുരോഹിതരും പള്ളിയും മലയാള നോവലുകളിൽ കഥയ്ക്ക് കേന്ദ്രവിഷയമാകുന്നത് ചുരുക്കമാണ് (പൊൻകുന്നം വർക്കിയുടെ ചെറുകഥകളെ മറക്കുന്നില്ല).

മലയാളത്തിലെ നോവലുകളിലും കഥകളിലും പള്ളിയെയും പട്ടക്കാരനെയും പൊതുവേ മുൻവിധികളോടെയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ നോവലിലും കഥയവസാനിക്കുന്നതുവരെയും നോയലച്ചനെയും സിസ്റ്റർ വിനീതയെയും ഇടവകക്കാർ തെറ്റിദ്ധാരണകളുടെയും മുൻവിധികളുടെയും അടിസ്ഥാനത്തിലാണ് കാണുന്നത്.

ദൈവത്തിന്റെ കയ്യൊപ്പ് എന്ന ഈ ചെറു നോവലിനുമുൻപും കത്തോലിക്ക പുരോഹിതരെ കഥാപാത്രങ്ങളാക്കിയുള്ള നോവലുകൾ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഫാ. പോൾ തേലേക്കാട്ടിന്റെ 'വിഷഹാരി', ഫാദർ ബിജു മഠത്തിക്കുന്നേലിന്റെ 'ബസാലേൽ' എന്നീ നോവലുകൾ കത്തോലിക്കാ പുരോഹിതരെ കഥാപാത്രങ്ങളാക്കി നിർമ്മിച്ചിട്ടുള്ളവയാണ്. ഈ രണ്ടു നോവലുകളും എഴുതിയിട്ടുള്ളത് കത്തോലിക്ക പുരോഹിതരായതുകൊണ്ട് ഈ നോവലിന്റെ അവതരണ വഴികളിൽ ദൈവശാസ്ത്രവും, തത്വശാസ്ത്രവും, ബൈബിളും, സഭാനിയമങ്ങളും ഇഴപിരിഞ്ഞു കിടക്കുകയും അത് ഈ നോവലുകളുടെ ഉള്ള

ടക്കത്തെ സങ്കീർണമാക്കുകയും ചെയ്യുന്നു. എന്നാൽ ഇത്തരത്തിലുള്ള അറിവിന്റെ അധികഭാരം വായനക്കാരെ ചുമപ്പിക്കുന്നില്ല എന്നതാണ് 'ദൈവത്തിന്റെ കയ്യൊപ്പ്' എന്ന ചെറുനോവലിനെ ആകർഷകമാക്കുന്നത്. ലളിതമായ ആശയവിന്യാസശൈലി എഴുത്തിൽ സ്വീകരിച്ചിരിക്കുന്നതിനാൽ ഒറ്റയിരിപ്പിനു തന്നെ ഈ ചെറുനോവൽ വായിച്ചു തീർക്കാവുന്നതാണ്.

മലയാള സാഹിത്യത്തിൽ ക്രൈസ്തവ പുരോഹിതർ എഴുതിയിട്ടുള്ള നോവലുകളും അവർ കഥാപാത്രങ്ങളായി വരുന്ന നോവൽ സന്ദർഭങ്ങളും കുറവാണെങ്കിലും ഇംഗ്ലീഷ് സാഹിത്യത്തിൽ ഇത്തരം സന്ദർഭങ്ങൾ ധാരാളമുണ്ട്. ഇത്തരം ജനുസ്സിൽപ്പെടുന്ന ഇംഗ്ലീഷ് സാഹിത്യ വിഭാഗത്തെ പറയുന്ന പേരാണ് ***സച്ചർദോത്തൽ ഫിക്ഷൻ (Sacerdotal Fiction)***. ഗ്രഹാം ഗ്രീനിന്റെ പവർ ന്റ് ഗ്ലോറി, ജോർജ് ബർണനോസിന്റെ ഡയറി ഓഫ് എ കൺട്രി പ്രീസ്റ്റ്, ജി.കെ ചെസ്റ്റർട്ടന്റെ സൃഷ്ടിയായ ഫാ. ബ്രൗൺ എന്ന കുറ്റാന്വേഷക കഥാപാത്രം, ഇവയൊക്കെ ക്രൈസ്തവ പ്രമേയങ്ങളെ ആധാരമാക്കി സൃഷ്ടിച്ചിട്ടുള്ള നോവലുകളും കഥാപാത്രങ്ങളുമാണ്.

മുൻപ് സൂചിപ്പിച്ചതുപോലെ ഈ നോവലിന്റെ പേര് **'ദൈവത്തിന്റെ കൈയ്യൊപ്പ്'** എന്നാണ്. 'ദൈവത്തിന്റെ കയ്യൊപ്പ്' എന്നുള്ള ഈ ശൈലി മലയാള നോവൽ സാഹിത്യത്തിൽ പുതിയൊരു പ്രയോഗമല്ല. എന്റെ അറിവ് ശരിയാണെങ്കിൽ മലയാളത്തിൽ ഈ പ്രയോഗം ആദ്യമായ ഉപയോഗിക്കുന്നത് പ്രശസ്ത നോവലിസ്റ്റായ പെരുമ്പടവം ശ്രീധരനാണ്. അദ്ദേഹത്തിന്റെ 'സങ്കീർത്തനംപോലെ' എന്ന നോവലിൽ അതിലെ കേന്ദ്രകഥാപാത്രമായ ദസ്തയോവിസ്കിയെ വിശേഷിപ്പിക്കുന്നത് 'ആത്മാവിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള എഴുത്തുകാരൻ' എന്നാണ്. പിന്നീട് ഈ പ്രയോഗം പല സന്ദർഭങ്ങളിലും പലയിടത്തും ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ട്.

വളരെ ഭംഗിയായി മുന്നോട്ടുപോയിരുന്ന ഇടവകയിൽ ഉണ്ടാകുന്ന ഒരു ദുരന്തം ആ ഇടവകയുടെ മുഴുവൻ കെട്ടുറപ്പിനെയും ആത്മീയ ജീവിതത്തെയും കീഴ്മേൽ മറിക്കുന്നതാണ് ഈ ചെറുനോവലിന്റെ പ്രമേയം. വിളക്കിന്റെ അടുത്തേക്ക് പാഞ്ഞുചെന്ന് ദുരന്തം സ്വയം ഏറ്റുവാങ്ങുന്ന പ്രാണികളെപ്പോലെ ഇതിലെ കഥാപാത്രങ്ങൾ അവരുടെ വിധിയെ സ്വയമേവ സ്വീകരിക്കുന്നതും അത് ദൈവഹിതത്തിനായി സമർപ്പിക്കുന്നതും വായനക്കാരന്റെ മനസ്സിൽ വായനക്ക് ശേഷവും ഒരു വിങ്ങലായി നിലനിൽക്കും. നോവലിന്റെ മധ്യഭാഗത്തായി ആരംഭിക്കുന്ന നാടകീയത അവസാനം വരെയും നിലനിർത്തുവാൻ സാധിച്ചിട്ടുള്ളത് എഴുത്തുകാരന്റെ കയ്യടക്കത്തിന്റെ തെളിവാണ്.

വ്യത്യസ്തമായ മാനസികാവസ്ഥകളിൽ ജീവിക്കുന്ന മനുഷ്യരെ കൂട്ടിയോജിപ്പിച്ച് മുന്നോട്ടു പോകേണ്ടത് ഇടവക അജപാലനത്തെ ഏറെ സങ്കീർണമാക്കി മാറ്റാറുണ്ട്. ചില മനുഷ്യർ ഇടവകകളിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നത് ഇടവക അജപാലന ദൗത്യങ്ങൾ കൃത്യമായി മുന്നോട്ടുപോകണം എന്നുള്ള ആഗ്രഹം കൊണ്ടല്ല, മറിച്ച് അവർക്കതിൽ വ്യക്തിതാൽപര്യങ്ങൾ ഉള്ളതുകൊണ്ടും അത് നടത്തിയെടുക്കുവാനുള്ള അവസരമായി ചില പ്രതിസന്ധികളെ അങ്ങനെയുള്ള ആളുകൾ ഉപയോഗിക്കുന്നതുകൊണ്ടുമാണ്. ഇടവകയിലുണ്ടാകുന്ന പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമായി മാറുന്നത്. അതിന് ഉത്തമ ഉദാഹരണമാണ് ഈ നോവലിലെ കഥാപാത്രമായ എറിക്കിന്റെ അപ്പനായ വാഴപ്പള്ളി ജോൺ. ഇങ്ങനെ കേന്ദ്രപ്രമേയത്തോട് യോജിച്ചു നിൽക്കുന്ന നിരവധി ഉപ-പ്രമേയങ്ങളും നോവലിന്റെ കഥാഗതിയെ സമ്പുഷ്ടമാക്കുന്നു.

ആധുനിക കാലഘട്ടത്തിൽ വായനയും എഴുത്തും ഒരു രാഷ്ട്രീയ പ്രവർത്തനവും കൂടിയാണ്. എഴുത്തുകാരനും വായനക്കാരനും തന്റെ മുന്നിലുള്ള സാഹിത്യ രൂപത്തിലൂടെ പ്രത്യക്ഷമായോ പരോക്ഷമായോ സാമൂഹിക വിമർശനത്തിൽ

*(ശേഷം 15-ാം പേജ് കാണുക )*



*പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.*
യോഹന്നാൻ 8 : 36



## കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...

# രണ്ടാം വത്തിക്കാൻ കൗൺസിൽ

**അനി ജോസഫ്, കൂട്ടുകാട്**

**ക**ത്തോലിക്കാ സഭ ചരിത്രത്തിലെ ഇരുപത്തിയൊന്നാം സാർവത്രിക സൂനഹദോസ് ആയിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. **സഭയുടെ നവീകരണം ലക്ഷ്യമാക്കി ജോൺ ഇരുപത്തിമൂന്നാമൻ പാപ്പയാണ് ഈ സൂനഹദോസ് വിളിച്ചുകൂട്ടിയത്. 1962 ഒക്ടോബർ 11 നാണ് ഈ കൗൺസിൽ സമാരംഭിച്ചത്.** '*അപ്രതീക്ഷിത വസന്തത്തിൽ വിരിഞ്ഞ പുഷ്പം*' എന്നാണ് പാപ്പ ഇതിനെ വിശേഷിപ്പിച്ചത്. ലോകമെമ്പാടും നിന്നായി 2540 മെത്രാന്മാർ ഈ കൗൺസിലിൽ പങ്കെടുത്തു. കൗൺസിൽ നടന്നുകൊണ്ടിരിക്കെത്തന്നെ 1963 ജൂൺ 3 ന് ജോൺ 23-ാം പാപ്പ കാലം ചെയ്തു. തുടർന്ന് പുതിയ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട പോൾ ആറാമനാണ് കൗൺസിൽ നയിച്ചത്. **1965 ഡിസംബർ 8 ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ചു.** ലത്തീൻ ആയിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഔദ്യോഗിക ഭാഷ.

ആകെ 16 പ്രമാണരേഖകളാണ് കൗൺസിൽ പ്രസിദ്ധീകരിച്ചത്. തിരുസഭ (Lumen Gentium), ആരാധനക്രമം (Sacrosanctum Consilium), ദൈവാവിഷ്കരണം (Dei Verbum), സഭ ആധുനിക ലോകത്തിൽ (Gaudium et Spes) എന്നിവയാണ് കൗൺസിലിന്റെ നാല് കോൺസ്റ്റിറ്റ്യൂഷനുകൾ. കൂടാതെ 9 ഡിക്രികൾ, 3 പ്രഖ്യാപനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് 16 പ്രമാണ രേഖകൾ. സാംസ്കാരികാനുരൂപണത്തിന്റെ ഭാഗമായി ആരാധനക്രമത്തിൽ ലാറ്റിനു പകരം പ്രാദേശിക ഭാഷ ഉപയോഗത്തിന് അനുമതി നൽകിയത് രണ്ടാം വത്തിക്കാൻ കൗൺസിൽ ആണ്. ആധുനിക കാലഘട്ടത്തിൽ സഭയെ ലോകത്തിന്റെ പ്രകാശഗോപുരമായി രൂപാന്തരപ്പെടുത്തുവാൻ രണ്ടാം വത്തിക്കാൻ കൗൺസിൽ സഹായിച്ചു. ■

(14 പേജ് തുടർച്ച)

പങ്കാളികളാകുകയാണ് ചെയ്യുന്നത്. അതിനാലാണ് എഴുത്തും വായനയും മറ്റൊരു തരത്തിൽ രാഷ്ട്രീയ പ്രവർത്തനമായി മാറുന്നത്. ഒരു സർഗാത്മക സൃഷ്ടി എന്ന നിലയിൽ ഈ നോവൽ നിലനിൽക്കുമ്പോഴും ഇതിലൂടെ എഴുത്തുകാരൻ ഒരു പരിധിവരെ സഭാവിമർശനവും സാമൂഹിക വിമർശനവും സാധ്യമാക്കുന്നുണ്ട്. ജോയി മാനാഞ്ചേരികുന്നിന്റെ ഒമ്പതാമത്തെ നോവലാണ് ദൈവത്തിന്റെ കയ്യൊപ്പ്. നിരീക്ഷണങ്ങളുടെയും അനുഭവങ്ങളുടെയും മൂശയിൽ നിന്നും ഇനിയും ധാരാളം കൃതികൾ വാർന്നു വീഴട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. ■



# അയൽക്കൂട്ടം

(പുറപ്പാട് 33, 11-12)

# ക്രിസ്തുവിന്റെ പിന്നാലെ



ഫാ. അനീഷ് പുത്തൻപറമ്പിൽ

**"സ്നേഹിതനോടെന്നപോലെ കർത്താവു മോശയോടു മുഖാഭിമുഖം സംസാരിച്ചിരുന്നു.** അതിനുശേഷം, മോശ പാളയത്തിലേക്കു മടങ്ങിപ്പോകും. എന്നാൽ അവന്റെ സേവകനും നൂനിന്റെ പുത്രനുമായ ജോഷ്വ എന്ന യുവാവ് കൂടാരത്തെ വിട്ടു പോയിരുന്നില്ല. മോശ കർത്താവിനോടു പറഞ്ഞു: ഈ ജനത്തെ നയിക്കുക എന്ന് അങ്ങ് എന്നോട് ആജ്ഞാപിക്കുന്നു. എന്നാൽ, ആരെയാണ് എന്റെ കൂടെ അയയ്ക്കുക എന്ന് അറിയിച്ചിട്ടില്ല. എന്നിട്ടും, എനിക്കു നിന്നെ നന്നായിട്ടറിയാം, നീ എന്റെ പ്രീതി നേടിയിരിക്കുന്നു എന്ന് അവിടുന്നു പറയുന്നു" (പുറപ്പാട് 33, 11-12).

ഇന്ന് നിരന്തരം ചോദ്യം ചെയ്യപ്പെടുന്നതും എന്നാൽ ഒരു പരിധിവരെ ഉത്തരം ഇല്ലാത്തതുമായ അടയാളമാണ് യുവത്വം. **ജീവിതത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നിരന്തരം ഓടിക്കൊണ്ടിരിക്കുന്ന യുവജനതക്കുള്ള ഉത്തരം ദിവ്യകാരുണ്യമാണ്.**

**വിശ്വാസജീവിതത്തിൽ കുടുംബത്തിനുള്ള പങ്ക്**

പൊതുവേ ജ്ഞാനസ്നാനം സ്വീകരിക്കുന്നത് നാം കുഞ്ഞായിരിക്കുമ്പോഴാണ്. കുഞ്ഞുനാളിൽ കൂദാശ എന്താണെന്നും അതിന്റെ ഉത്തരവാദിത്വം എന്താണെന്നും അറിയാത്ത ഒരു കാലഘട്ടത്തിൽ സ്വീകരിച്ച ജ്ഞാനസ്നാനത്തിന്റെ വെൺവസ്ത്രമോ, കൈയ്യിലേന്തിയ കൈത്തിരിയോ എന്തെന്നറിയാത്ത ഒരു പ്രായത്തിൽ നമ്മെ അതിന്റെ അർത്ഥം പഠിപ്പിക്കുന്നത് നമ്മുടെ മാതാപിതാക്കന്മാരാണ്. പ്രായം ആകുമ്പോൾ, **സ്വീകരിച്ച കൂദാശയുടെ അർത്ഥവും, വ്യാപ്തിയും വ്യക്തിപരമായി അറിഞ്ഞ് അതിനു നമ്മെ സമർപ്പിച്ച്, അതനുസരിച്ച് ജീവിക്കേണ്ട ഒരു ധാർമ്മീകത നമ്മിലുണ്ട്.** ഇങ്ങനെ യുവജനങ്ങളെ ഒരുക്കാനുള്ള പ്രാഥമിക ഉത്തരവാദിത്വം ഗാർഹിക സഭയായ കുടുംബത്തിനുണ്ട്. പലപ്പോഴും ഇത് സംഭവിക്കുന്നില്ല. എങ്കിൽ യുവജനങ്ങളുടെ സഭയുമായുള്ള ബന്ധത്തിൽ വന്ന വിള്ളലിന്റെ ഉത്തരവാദിത്വം പ്രഥമ വിദ്യാലയം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കുടുംബം തന്നെയാണ്.

വിശ്വാസജീവിതത്തിൽ കുടുംബത്തിനുള്ള പങ്ക് എന്താണ്? മാതാപിതാക്കളും, മക്കളും ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ച്, അപ്പം പങ്കിട്ട് ക്രൈസ്തവ കുടുംബത്തിന്റെ മാതൃകയായി ജീവിക്കേണ്ട ഒരു കാലഘട്ടത്തിൽ നിന്നും മാറി, മതബോധന ക്ലാസുകൾ നൽകുന്ന പ്രകാശത്തിൽ നിന്നും അകന്ന്, ഞായറാഴ്ച്ചകളിലും, കടപ്പെട്ട ദിവസങ്ങളിൽപോലും സാമൂഹ്യ ജീവിതതലത്തിലെ ഔന്നത്യങ്ങൾക്കായി ലോകം വച്ച് നീട്ടുന്ന അറിവ് തേടാനുള്ള വ്യഗ്രതയിലേക്ക് കുഞ്ഞുങ്ങളെ പറഞ്ഞു വിടുന്ന മാതാ



സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്;
ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം.
ഗലാത്തിയാ 5 : 13

പിതാക്കളിൽ നിന്നും വിശ്വാസത്തിന്റെ ഫലം എങ്ങനെ കുഞ്ഞുങ്ങൾക്ക് സ്വീകരിക്കാൻ കഴിയും?

സഭയെക്കുറിച്ചും, സഭാശ്രേഷ്ഠന്മാരുടെ സേവനങ്ങളെ കുറിച്ചും, സഭാപഠനങ്ങളെക്കുറിച്ചും, സഭയിൽ അനുഷ്ഠിക്കുന്ന ആചാരങ്ങളെ കുറിച്ചും പരിശുദ്ധമായ സമീപനമാണോ നമ്മുടെ കുഞ്ഞുങ്ങൾക്ക് നാം പകർന്നുകൊടുക്കുന്നത് എന്ന് ചിന്തിക്കുമ്പോൾ ഇന്ന് നമ്മുടെ യുവജനങ്ങൾ സഭയിൽനിന്നും ദൈവത്തിൽ നിന്ന്പോലും അകന്ന് പോകുന്നതിന്റെ ഉത്തരം നമുക്ക് കണ്ടെത്താൻ കഴിയും.

**വിശുദ്ധിയുള്ള ജീവിതങ്ങൾ യാഥാർത്ഥ്യമാക്കാം**

നന്മയും വിശുദ്ധിയുമുള്ള ജീവിതം യാഥാർത്ഥ്യമാകണമെങ്കിൽ ഒഴുക്കിന് എതിരെ നീന്താനാണ് ഫ്രാൻസിസ് പാപ്പാ ഇന്ന് യുവജനങ്ങളെ ക്ഷണിക്കുന്നത്. രൂപാന്തരപ്പെട്ട് വിശുദ്ധിയുള്ള അല്ലെങ്കിൽ നന്മയുള്ള ജീവിതത്തിലേയ്ക്ക് പ്രവേശിക്കണമെങ്കിൽ യുവജനങ്ങൾ ഇന്നിന്റെ സാമൂഹിക പ്രതിസന്ധികൾക്ക് എതിരെ പോരാടണം. **വിശുദ്ധിയുള്ള ജീവിതം എല്ലാവരുടെയും ദിനചര്യയാകണം. ഉദാഹണത്തിന്, നീതിക്കുവേണ്ടി പോരാടാൻ, സമൂഹത്തെ സ്നേഹിക്കാൻ, സന്തോഷവും നർമ്മരസവും ഉൾക്കൊണ്ടു ജീവിക്കാൻ, മന്ദതയിൽനിന്ന് ഉണർന്ന് തീക്ഷ്ണതയോടെ മുന്നേറാൻ, പ്രതിസന്ധികൾക്കെതിരെ പോരാടാൻ, ദൈവത്തിന്റെ കരുണയിൽ അഭയം തേടാൻ, സഹോദരങ്ങളുമായി ഉള്ളതു പങ്കുവയ്ക്കാൻ എന്നിങ്ങനെ യുവജങ്ങൾക്ക് സാധിതമാകുന്ന നന്മകൾ പരിശുദ്ധ കുർബാനയിലുള്ള അടിയുറച്ച വിശ്വാസത്തിൽ വളർത്തിയെടുക്കണം.**

സഭയുടെ ജീവിതപ്രതിസന്ധികൾക്കെതിരെ നീങ്ങാനുള്ള സൂചകങ്ങളുള്ള ഗ്രന്ഥമാണ് do-Cat, അത് സമൂഹിക ജീവിതത്തിൽ യുവജനങ്ങൾക്ക് ജീവൽപ്രകാശമാകുമെന്ന് യുവജനങ്ങൾക്ക് ഫ്രാൻസിസ് പാപ്പയുടെ സമ്മാനമാകുന്ന ഗ്രന്ഥത്തിൽ പറയുന്നു. അതിലെ പ്രതിപാദ്യവിഷയം സഭയുടെ സമൂഹിക നിലപാടുകളാണ്. അവ ക്രിസ്തുസ്നേഹത്തിന്റെയും നീതിയുടെയും മൗലികമായ വിപ്ലവമാണെന്നും, ആ വിപ്ലവമാകട്ടെ ദിവ്യകാരുണ്യത്തിൽ ഊന്നിയതാണെന്നും പരിശുദ്ധ പിതാവ് ഓർമിപ്പിക്കുന്നു.

**ചർച്ച ചെയ്യാനുള്ള ചോദ്യങ്ങൾ**

1. *പരിശുദ്ധ കുർബാനയോട് സ്നേഹമുള്ള ഒരു യുവജനസമൂഹം വാർത്തെടുക്കപ്പെടുന്നുണ്ടോ?*
2. *കുടുംബങ്ങളിൽ കുഞ്ഞുങ്ങൾക്ക് പ്രാർത്ഥനയോടും, പരിശുദ്ധ കുർബാനയോടും താൽപര്യം പകർന്നു കൊടുക്കുവാൻ മാതാപിതാക്കന്മാർക്ക് സാധിക്കുന്നുണ്ടോ?*

**പ്രവൃത്തിയ്ക്ക്**

*യുവജന ആത്മീയത ദിവ്യകാരുണ്യ കേന്ദ്രീകൃതമാക്കാൻ അനുദിന ബലിയർപ്പണത്തിലൂടെ സാധിക്കണം. അതിൽ കുടുംബങ്ങൾ/ മാതാപിതാക്കൾ മുഖ്യപങ്ക് വഹിക്കണം.* ■


**ഫാമിലി അപ്പസ്തോലേറ്റിന്റെ ആഗസ്റ്റ് മാസത്തെ പരിപാടികൾ**

**9,10 &11 തീയതികളിൽ**
**വിവാഹ ഒരുക്ക കോഴ്സ്**

**11-ാം തീയതി**
**വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള**
**സെമിനാർ** ( 2pm - 4 pm)



# ആക്രി



സജി കൃഷ്ണൻകോട്ട

**കു**റച്ചുദിവസമായി ഞാൻ ഇരിക്കുന്ന ഈ വീട്ടിൽ 'ആക്രി' എന്ന വാക്ക് മുഴങ്ങി കേൾക്കുന്നു. അതൊരു ആക്രി സാധനമാണ്. ഇനി ഈ വീട്ടിൽ വെച്ചിട്ട് ഒരു ഉപകാരവും ഇല്ല, അതിനെ ആർക്കെങ്കിലും കൊടുത്ത് ഒഴിവാക്കൂ... എന്നൊക്കെ ഈ വീട്ടിലെ ആളുകൾ ഇടയ്ക്കിടെ പറയുന്നുണ്ട്. മുറ്റത്ത് വന്നു നിർത്തിയ പെട്ടിയോട്ടയിലേക്ക് മുറി മലയാളം അറിയുന്ന മനുഷ്യൻ എന്നെ വലിച്ചെറിഞ്ഞപ്പോഴാണ് ആ വീട്ടിലെ ആർക്കും വേണ്ടാത്ത സാധനം ഞാനാണെന്ന് എനിക്ക് മനസ്സിലായത്. ആ വണ്ടിയിലെ സഹയാത്രികരോട് ഞാൻ ചോദിച്ചു മനസ്സിലാക്കി 'ആക്രി'യുടെ അർത്ഥം 'ഉപയോഗമില്ലാത്ത സാധനം' അതെന്നെ വല്ലാതെ വിഷമിപ്പിച്ചു.



'എന്റെ കാലിന് ചെറിയൊരു ഒടിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ... ഒരു ആശേരിയെ വിളിപ്പിച്ച് എന്റെ കാല് ശരിയാക്കിയിരുന്നെങ്കിൽ രണ്ടുമൂന്നു ആളുകളെ മടിയിൽ ഇരുത്താനുള്ള ശക്തി എനിക്ക് ഇന്നും ഉണ്ട്' എന്നുപറഞ്ഞു ഞാൻ വിതുമ്പി... പെട്ടെന്ന് ഒരു ഓർമ്മ എന്റെ മനസ്സിലേക്ക് തിരിച്ചുവന്നു. എന്റെ കാലൊടിയുന്നതിന് മുമ്പ് അതായത് പൂർണ്ണ ആരോഗ്യത്തോടെ ഞാൻ ഇരിക്കുന്ന നേരത്തും ഇവരെന്നെ നോക്കി ആർക്കും ഉപയോഗമില്ലാത്ത സാധനം എന്നു വിളിച്ചിരുന്നു... അന്നെന്റെ മടിയിൽ വയസ്സായ ഒരു മുത്തച്ഛൻ എന്നെ കെട്ടിപ്പിടിച്ചു കിടക്കുന്നുണ്ടായിരുന്നു... കുറച്ചുനാളുകൾക്കു മുമ്പ് എല്ലാവരും കൂടി കെട്ടിയൊരുങ്ങി മുത്തശ്ശനെയും കൂട്ടി ടാക്സിയിൽ പുറത്തുപോയി. തിരിച്ചു വന്നപ്പോൾ മുത്തച്ഛൻ ഉണ്ടായിരുന്നില്ല... ഹോ ആശ്വാസമായി അങ്ങനെ അതിനെ ഒഴിവാക്കി എന്ന് ആ വണ്ടിയിൽ നിന്ന് ഇറങ്ങിയ ആളുകൾ പറയുന്നുണ്ടായിരുന്നു... മുത്തച്ഛനെ അപ്പോൾ ആക്രി കടയിൽ കൊടുത്തതായിരിക്കും ഞാൻ സ്വയം പറഞ്ഞു... അപ്പോൾ വക്ക് പൊട്ടി പള്ള കീറിയ ഒരു കുടം പറഞ്ഞു. "ആക്രിക്കടയിൽ മനുഷ്യരെ എടുക്കില്ല മണ്ടാ... മുത്തച്ഛനെ വല്ല വൃദ്ധസദനത്തിലോ, തെരുവിലോ ഉപേക്ഷിച്ചിരിക്കും." "നിനക്കെങ്ങനെ അറിയാം?" ഞാൻ ചോദിച്ചു. "കൊള്ളാം... പൈപ്പിൻ ചുവട്ടിൽ ഇരുന്ന് സകല പെണ്ണുങ്ങളുടെയും വർത്തമാനം കേൾക്കുന്ന എന്നോടോ...! ഒരു കാര്യത്തിൽ നിനക്ക് ആശ്വസിക്കാം, ഇപ്പോൾ നമ്മളെ കൊണ്ടുപോകുന്നവർ രൂപമാറ്റം വരുത്തി ഉപയോഗമുള്ള ഒരു വസ്തുവാക്കി നമ്മളെ മാറ്റും." "അപ്പോൾ വയസ്സായാൽ മനുഷ്യന് ഒരു ആക്രിയുടെ വില പോലും ഇല്ലേ?" എന്റെ ചോദ്യം കേട്ടിട്ടും സഹയാത്രികരാരും ഒന്നും മിണ്ടിയില്ല. 'അവർ തങ്ങളുടെ പുതിയ രൂപത്തെ സ്വപ്നം കാണുകയായിരുന്നു. മുത്തച്ഛൻ എന്റെ മടിയിൽ കിടന്ന് ചൊല്ലിയിരുന്ന ഈശ്വര പ്രാർത്ഥനകൾ മനസ്സിലോർത്ത് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ പറഞ്ഞു. "നന്ദി ദൈവമേ, എന്നെ ആക്രിയാക്കിയതിന്"



■



നിങ്ങൾ അന്യോന്യം കടിച്ചുകീറുകയും വിഴുങ്ങുകയും ചെയ്ത് പരസ്പരം നശിപ്പിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ.
ഗലാത്തിയാ 5 : 15

# രൂപത വാർത്തകൾ

## തുരുത്തിപ്പുറം ജപമാല രാജ്ഞി ദൈവാലയത്തിൽ കോട്ടപ്പുറം രൂപതാതല യുവജന ദിനാഘോഷം ഉദ്ഘാടനം ചെയ്യപ്പെട്ടു.



കെ.സി.വൈ.എം. കോട്ടപ്പുറം രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതാതല യുവജന ദിനാഘോഷം ജൂലൈ 7 ഞായറാഴ്ച തുരുത്തിപ്പുറം ജപമാല രാജ്ഞി ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. പരിശുദ്ധ കുർബാനയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ജപമാല രാജ്ഞി യൂണിറ്റിലെ യുവജനങ്ങൾ ലഹരി വസ്തുക്കൾക്കെതിരായി ഫ്ളാഷ് മോബ് അവതരിപ്പിച്ചു. കോട്ടപ്പുറം രൂപത വൈസ് പ്രസിഡന്റ് ഷിഫ്ന ജീജൻ ഫ്ളാഗ് ഹോസ്റ്റിങ് നടത്തി. രൂപതാതല യുവജന ദിനാഘോഷ ഉദ്ഘാടന യോഗത്തിൽ ജപമാല രാജ്ഞി കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ് ജെസ്മോൻ ലോറൻസ് സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം കോട്ടപ്പുറം രൂപത ഡയറക്ടർ ഫാ. നോയൽ കുരിശിങ്കൽ ആമുഖപ്രഭാഷണം നടത്തി. യോഗത്തിന്റെ അധ്യക്ഷപദവി അലങ്കരിച്ച കെ.സി.വൈ.എം കോട്ടപ്പുറം രൂപത പ്രസിഡന്റ് ജെൻസൻ ആൽബി അധ്യക്ഷ പ്രസംഗം നടത്തുകയും, കെ.സി.വൈ.എം ലാറ്റിൻ ഡയറക്ടർ, KRLCC അസോസിയേറ്റ് ഡെപ്യൂട്ടി സെക്രട്ടറിയുമായ റവ. ഡോ. ജിജു ജോർജ് അറക്കത്തറ യോഗം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. ജോജോ പയ്യപ്പിള്ളി, മുൻ ICYM ലാറ്റിൻ സംസ്ഥാന പ്രസിഡന്റുമായ അജിത്ത് കെ. തങ്കച്ചൻ, സംസ്ഥാന സിന്റിക്കേറ്റ് മെമ്പറുമായ പോൾ ജോസ്, ബ്രദർ സലാസ് സാജു എന്നിവർ ആശംസകൾ അർപ്പിച്ചു. കെ.സി.വൈ.എം കോട്ടപ്പുറം രൂപത സെക്രട്ടറി അനഘ യോഗത്തിന് നന്ദി അർപ്പിക്കുകയും ചെയ്തു. പരിപാടിക്ക് ജപമാല തുരുത്തിപ്പുറം യൂണിറ്റും, അതോടൊപ്പം വിവിധ യൂണിറ്റുകളിൽ നിന്നായി നൂറോളം യുവജനങ്ങളും സന്നിഹിതരായിരുന്നു.

## കർക്കിടക മാസാചരണം 2024 ജൂലൈ 17 – ാം തിയതി ബുധനാഴ്ച

കോട്ടപ്പുറം രൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (കിഡ്സ്)യും കുഞ്ഞിത്തൈ സെന്റ് ഫ്രാൻസീസ് സേവ്യർ സായം പ്രഭയുടെയും, ഫെഡറേഷനുകളുടെയും സംയുക്താഭിമുഖ്യത്തിൽ 'ആയുർവേദത്തിലൂടെ ആരോഗ്യം' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കർക്കിടകമാസം മുഴുവൻ നീണ്ടുനിൽക്കുന്ന പച്ചമരുന്നുകളുടെയും പച്ചില കറികളുടെയും മരുന്നു കഞ്ഞിയുടെയും ഒരു ബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിച്ചു. ഈ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടന കർമ്മം ജൂലൈ 17 ബുധനാഴ്ച 11 മണിക്ക് കുഞ്ഞിത്തൈ പള്ളി പാരീഷ്ഹാളിൽ കിഡ്സ് അസി.ഡയറക്ടർ റവ. ഫാ. ബിയോൺ തോമസ് കോണത്ത് നിർവ്വഹിച്ചു.

## കെ.സി.വൈ.എം. – യൂക്യാറ്റ് ക്വിസ്



സഭയെ അറിയാൻ വിശ്വാസത്തിൽ ജീവിക്കാൻ'' എന്ന ലക്ഷ്യം വെച്ച് കെ.സി.വൈ.എം കോട്ടപ്പുറം രൂപത 2024 ജൂലൈ മാസം പതിനാലാം തീയതി കോട്ടപ്പുറം സെന്റ് മൈക്കിൾസ് എൽ.പി. സ്കൂളിൽ വച്ച് ഉച്ചയ്ക്ക് 2 മണിക്ക് നടത്തിയ യൂക്യാറ്റ് ക്വിസിൽ 25 കെ.സി.വൈ.എം. യൂണിറ്റുകളിൽ നിന്നുമായി അമ്പതോളം പേർ മാറ്റുരച്ച മത്സരത്തിൽ ഒന്നാം സ്ഥാനം സെന്റ് ആന്റണീസ് യൂണിറ്റ് ചെട്ടിക്കാട്, രണ്ടാം സ്ഥാനം മഞ്ഞുമാതാ ബസിലിക്ക യൂണിറ്റ് പള്ളിപ്പുറം, മൂന്നാം സ്ഥാനം സൽബുദ്ധി മാതാ യൂണിറ്റ് കീഴുപ്പാടം എന്നീ യൂണിറ്റുകൾ കരസ്ഥമാക്കി.

## 50% സാമ്പത്തിക സഹായത്തോടെ സാമൂഹിക സംരംഭകത്വ വികസന പരിപാടി തയ്യൽ മെഷീൻ വിതരണം




സന്നദ്ധ സംഘടനകളുടെ കൂട്ടായ്മയായ നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷനും കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ്)യും സംയുക്തമായി 50% വരെ സാമ്പത്തിക സഹായത്തോടെ തയ്യൽ മെഷ്യൻ വിതരണം ചെയ്തു. 2024 ജൂലൈ 11-ാം തിയിതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് കോട്ടപ്പുറം കിഡ്സ് ക്യാമ്പസിൽ വെച്ച് നടത്തിയ യോഗത്തിൽ തയ്യൽ മിഷ്യൻ വിതരണോദ്ഘാടനം ചാലക്കുടി എം.പി. ശ്രീ. ബെന്നി ബഹനാൻ എം.പി നിർവ്വഹിച്ചു. കോട്ടപ്പുറം രൂപത വികാർ ജനറൽ വെരി. റവ. മോൺ. റോക്കി റോബിൻ കളത്തിൽ അദ്ധ്യക്ഷനായ യോഗത്തിൽ കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ, നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ തൃശ്ശൂർ ജില്ലാ സെക്രട്ടറി ശ്രീ. മുഹമ്മദ് സഫീർ, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി വാർഡ് കൗൺസിലർ ശ്രീ. വി.എം. ജോണി, കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. എബ്നേസർ ആന്റണി കാട്ടിപ്പറമ്പിൽ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. ബിയോൺ തോമസ് കോണത്ത് നന്ദി പറഞ്ഞു. 124 തയ്യൽ മെഷീനുകളാണ് വിതരണം ചെയ്യുന്നത്.

## ചാന്ദ്രദിനം ആചരിച്ചു

പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിൽ ചാന്ദ്രദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. രാവിലെ നടന്ന പ്രത്യേക അസംബ്ലിയിൽ ബഹിരാകാശ സഞ്ചാരികളുടെ വേഷത്തിൽ അണിനിരന്ന കുട്ടികൾ ചാന്ദ്രദിനത്തിന്റെ പ്രത്യേകതകളെ കുറിച്ച് സംസാരിച്ചു. ലഘു പ്രസംഗങ്ങളും കവിതകളും അവതരിപ്പിച്ചു. കുട്ടികൾ ഉണ്ടാക്കി കൊണ്ടുവന്ന റോക്കറ്റ് മാതൃകകളുടെയും മറ്റു ബഹിരാകാശ ഉപകരണങ്ങളുടെയും പ്രദർശനം ഉണ്ടായിരുന്നു. പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി പ്രദർശനം ഉദ്ഘാടനം ചെയ്തു. മിനി സി.എ, ലിൻസി കെ.എ, നിമ്മി ജോയ് എന്നിവർ നേതൃത്വം നൽകി.



*സ്വാതന്ത്ര്യത്തിലേക്കു ക്രിസ്തു നമ്മെമോചിപ്പിച്ചു. അതുകൊണ്ട് നിങ്ങൾ സ്ഥിരതയോടെ നിൽക്കുവിൻ. അടിമത്തത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്.*
ഗലാത്തിയാ 5 : 1

## സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) നടത്തപ്പെട്ടു

കോട്ടപ്പുറം രൂപതയിലെ എല്ലാ ഇടവകകളിലെ ദമ്പതികൾക്കുവേണ്ടി നടത്തുന്ന ട്രെയിനിങ് പ്രോഗ്രാമിന്റെ (SANJO MEET) ആദ്യ ഇടവകയായ കടപ്പുറം വേളാങ്കണ്ണി മാതാ ദൈവാലയത്തിലും സെന്റ് തോമസ് അഴീക്കോട് ദൈവാലയത്തിലും നടത്തപ്പെട്ടു. കോട്ടപ്പുറം രൂപത ചാൻസിലർ വെരി. റവ. ഫാ. ഷാബു കുന്നത്തൂർ, രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി, കടപ്പുറം വേളാങ്കണ്ണി മാതാ പള്ളി വികാരി റവ. ഫാ. ആന്റണി സേവ്യർ തറയിൽ CP, അസിസ്റ്റന്റ് വികാരി റവ. ഫാ. ആന്റണി തോമസ് CP, റവ. ഫാ. സുഗുൺ ലോറൻസ് CP, സെന്റ് തോമസ് പള്ളി വികാരി റവ. ഫാ. വിൻ കുരിശിങ്കൽ എന്നിവർ സന്നിഹിതരായിരുന്നു. രൂപതയിൽ നിന്നുള്ള റിസോഴ്സ് ടീം – ഫാ. ജോസഫ് കോച്ചേരി, സിസ്റ്റർ അഖില, ഹണി ജോസ്, സിജി ജിൻസൺ എന്നിവർ ക്ലാസുകൾ നയിച്ചു. രണ്ട് ഇടവകകളിലുമായി ഏകദേശം അഞ്ഞൂറിലധികം ദമ്പദിമാർ സെമിനാറുകളൽ പങ്കെടത്തു.





## കോട്ടപ്പുറം രൂപതയിലെ ഇടവക കേന്ദ്രസമിതിയ്ക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും പരിശീലനം (Capo Training) നടത്തി.

രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുള്ള കേന്ദ്രസമിതി പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, ആനിമേറ്റർ സിസ്റ്റർ എന്നിവർക്കായി മൂന്നുമാസത്തിൽ ഒരിക്കൽ നടത്തുന്ന പരിശീലന പ്രോഗ്രാം (Capo Training) വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ നടത്തി. ഇടവകകളിലെ യുവജനങ്ങൾക്ക് വേണ്ടി, വരുന്ന ആറുമാസങ്ങളിൽ വിവിധ ശുശ്രൂഷ സമിതികളിലൂടെ നടത്തുന്ന പരിപാടികളെ കുറിച്ചുള്ള ക്ലാസ്സ് മോട്ടിവേഷൻ ട്രെയിനർ ആൻസർ കുറുമ്പതുരുത്ത് നയിച്ചു. രൂപതയിലും ഇടവകകളിലും കുടുംബയൂണിറ്റുകളിലും വരും കാലങ്ങളിൽ നടത്താൻ പോകുന്ന പ്രോഗ്രാമുകളെ രൂപത ബിസിസി ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി പരിചയപ്പെടുത്തി.



## കെസിബിസി ജീവസംരക്ഷണ സന്ദേശയാത്രക്ക് കോട്ടപ്പുറം രൂപത സ്വീകരണം നൽകി






ഓഗസ്റ്റ് പത്തിന് തൃശൂരിൽ നടക്കുന്ന ഇന്ത്യാസ് മാർച്ച് ഫോർ ലൈഫിന്റെ മുന്നോടിയായി കെ.സി.ബി.സി. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന ജീവസംരക്ഷണ കേരള യാത്രയ്ക്കു കോട്ടപ്പുറം രൂപതയിൽ പറവൂർ ഡോൺ ബോസ്കോ നഴ്സിംഗ് സ്കൂളിലും കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിലും സ്വീകരണം നൽകുന്നു.

## സജീവം : ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തപ്പെട്ടു.




കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും കാരിത്താസ് ഇന്ത്യയുടേയും സംയുക്ത ആഭിമുഖ്യത്തിൽ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി നടത്തിവരുന്ന 'സജീവം' ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സന്നദ്ധസേന പ്രവർത്തകർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിയോൺ തോമസ് സ്വാഗതം ആശംസിച്ച പരിപാടിയിൽ കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് കോഡിനേറ്റർ ശ്രീ. അഭിഷ് ആന്റണി ആമുഖ സന്ദേശം നൽകി. കേരള സോഷ്യൽ സർവീസ് ഫോറം സജീവം ക്യാമ്പയിൻ കോഡിനേറ്റർ ശ്രീ. സജോ ക്ലാസ് നയിച്ചു.

## രാജഗിരി കോളേജ് വിദ്യാർത്ഥികൾ കിഡ്സ് ക്യാമ്പസ് സന്ദർശിച്ചു



പഠന പദ്ധതിയുടെ ഭാഗമായി രാജഗിരി കോളേജിൽ നിന്നും സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ കിഡ്സ് ക്യാമ്പസും പൊയ്യ റിസോഴ്സ് സെന്ററും സന്ദർശിച്ചു.



ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു;
എന്റെ പ്രാർത്ഥനകേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു. സങ്കീർത്തനങ്ങൾ 118 : 5

## ഒരു വർഷത്തെ സമ്പൂർണ്ണ ബൈബിൾ പാരായണം




കുരിശിങ്കൽ ലൂർദ് മാതാ ഇടവകയിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ബൈബിൾ വായനയ്ക്ക് തുടക്കമായി. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. റോക്കി റോബിൻ കളത്തിൽ, വികാരി ഫാ. ബിജു തേങ്ങാപ്പുര ക്കൽ, കേന്ദ്രസമിതി, മതബോധന അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ ദിവ്യബലിയോട് കൂടെ വചന വായനയ്ക്ക് തുടക്കം കുറിച്ചത്. 2024 ജൂലൈ മുതൽ 2025 ജൂൺ മാസം വരെ ഓരോ കുടുംബവും പ്രാർത്ഥന സമയത്ത് ദിവസവും വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് നിശ്ചിത അധ്യായങ്ങൾ വായിച്ച് കൊണ്ടാണ് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്നത്. അതിനുവേണ്ടി പ്രത്യേകമായി ഒരു കലണ്ടർ തയ്യാറാക്കി എല്ലാ ഭവനങ്ങളിലേക്കും നൽകിയിട്ടുണ്ട്. എല്ലാ ദിവസവും ദിവ്യബലിക്ക് മുൻപ് ഓരോ കുടുംബവും ആ ദിവസത്തെ വചനഭാഗങ്ങൾ ദേവാലയത്തിലും വായിക്കും. ഒരു വർഷം കൊണ്ട് ഇടവകയിലെ എല്ലാ അംഗങ്ങളും പരിപൂർണ്ണമായി ബൈബിൾ വായിക്കുന്നതിനുള്ള പ്രാർത്ഥന പദ്ധതിക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്.

## സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടിപ്പിച്ചു

ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ചർച്ച് നവജ്യോതി കുടുംബയൂണിറ്റും കാരുണ്യ സർവീസ് സൊസൈറ്റിയും പാലാരിവട്ടം ചൈതന്യ ഐ ഹോസ്പിറ്റലും സംയുക്തമായി സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടി പ്പിച്ചു. ഗോതുരുത്ത് ഫൊറോന വികാരി റവ. ഡോ. ആന്റണി ബിനോയ് അറയ്ക്കൽ ക്യാമ്പ് ഉദ് ഘാടനം ചെയ്തു. നവജ്യോതി കുടുംബയൂണിറ്റ് പ്രസിഡന്റ് ജോബ് എം.ജെ. അധ്യക്ഷനായി.



## സ്വർഗ്ഗീയ സംഗീത സംഗമം 2024 – 2025

ഈ അദ്ധ്യയന വർഷത്തിലെ മതബോധന വിദ്യാർത്ഥികളുടെ സ്വർഗ്ഗീയ സംഗീത മത്സരം **ആഗസ്റ്റ് 18 ഞായർ (A & B വിഭാഗങ്ങൾക്കും) ആഗസ്റ്റ് 25 ഞായർ (C, D & E വിഭാഗങ്ങൾക്കും)** നടത്തപ്പെടുന്നതാണ്. സ്ഥലം : കോട്ടപ്പുറം - വികാസ് ഓഡിറ്റോറിയം

**ആഗസ്റ്റ് 18 ഞായർ (A & B വിഭാഗങ്ങൾ)**

| Registration Time | മത്സരസമയം |
|---|---|
| Section A - 1.00 pm | 1.30 pm |
| Section B - 2.30 pm | 3.00 pm |

**ആഗസ്റ്റ് 25 ഞായർ (C, D & E വിഭാഗങ്ങൾ)**

| Registration Time | മത്സരസമയം |
|---|---|
| Section C - 1.00 pm | 1.30 pm |
| Section D - 2.30 pm | 3.00 pm |
| Section E - 3.30 pm | 4.00 pm |

## INSPIRE 2024



കോട്ടപ്പുറം വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് നടത്തിയ INSPIRE 2024 എന്ന യുവതി യുവാക്കൾക്ക് വേണ്ടിയുള്ള പ്രോഗ്രാം കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ 21 ന് കോട്ടപ്പുറം, തൃശൂർ, തിരുത്തിപ്പുറം എന്നീ ഫെറോനകളിലെയും ആഗസ്റ്റ 28 ന് ഗോതുരുത്ത്, പള്ളിപ്പുറം എന്നീ ഫെറോനകളിലെയും പ്ലസ് ടു മുതൽ കൗമാര പ്രായത്തിലുള്ള യുവതി യുവാക്കൾക്കാണ് കോട്ടപ്പുറം വികാസിൽ വച്ചും പറവൂർ സ്ക്രില്ലി കോൺവെന്റിൽ വച്ചും INSPIRE 2024 സംഘടിപ്പിച്ചത്. വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, സെക്സ് എഡ്യൂക്കേഷൻ, ലൈഫ് പ്രിപ്പറേഷൻ എന്ന വിഷയങ്ങൾ കേരളത്തിൽ അറിയപ്പെടുന്ന വ്യക്തികൾ ക്ലാസ്സുകൾ നയിച്ചു. കോട്ടപ്പുറം രൂപത കാറ്റിക്കിസം ഡിപ്പാർട്ട്മെന്റും, കിഡ്സും, ഫാമിലി അപ്പോസ്തലേറ്റും സംയുക്തമായിട്ടാണ് INSPIRE 2024 എന്ന പ്രോഗ്രാം സംഘടിപ്പിച്ചത്. ഈ പ്രോഗ്രാമിൽ 600-ലധികം കുട്ടികൾ പങ്കെടുക്കുകയും സർട്ടിഫിക്കറ്റ് വാങ്ങിക്കുകയും ചെയ്തു.

## YOUTH DAY CELEBRATION 2024
നിത്യസഹായമാത ഇടവക, ചേന്ദമംഗലം






സൃഷ്ടി ജീർണതയുടെ അടിമത്തത്തിൽനിന്നു മോചിതമാകുകയും
ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും.
റോമാ 8 : 21

# രൂപതാതല സാമൂഹ്യ ശുശ്രൂഷ സമിതി സമ്മേളനം സംഘടിപ്പിച്ചു.



കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി കിഡ്സിന്റെയും ബി.സി.സി. യുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 ജൂലൈ 28-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് കോട്ടപ്പുറം കത്തീഡ്രൽ പള്ളി പാരിഷ് ഹാളിൽ വച്ച് രൂപതാതല സാമൂഹ്യ ശുശ്രൂഷ സമിതി സമ്മേളനം സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവക കളിലെ സാമൂഹ്യോന്മുഖമായ വിവിധ ങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കു ന്നതിന്റെ ഭാഗമായ് വിളിച്ചുകൂട്ടിയ സമ്മേള നത്തിൽ കോട്ടപ്പുറം രൂപത വികാർ ജനറൽ വെരി റവ. മോൺ. റോക്കി റോബിൻ കളത്തിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ അദ്ധ്യക്ഷനായിരുന്നു. കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലിന്റെ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. 500 ഓളം ആളുകൾ പരിപാടിയിൽ പങ്കെടുത്തു.




ഫാദേഴ്സ് ഡേയോട് അനുബന്ധിച്ച് ചേന്ദ മംഗലം നിത്യസഹായ മാതാ പള്ളിയിൽ അപ്പച്ചന്മാരെ ആദരിച്ചപ്പോൾ

## ഓസി കളത്തിൽ അവാർഡ്-2024

പത്രാധിപർ, എഴുത്തുകാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ ഓസിയച്ചൻ നൽകിയ സംഭാവനകൾ നിസ്തുലമാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി 'ഓസി കളത്തിൽ അവാർഡ്' നൽകുവാൻ ഗോതുരുത്ത് ഗ്രാമീണ വായനശാല ഒരുങ്ങുകയാണ്. 2021, 2022, 2023, 2024 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് അവാർഡിന് പരിഗണിക്കുന്നത്. അവാർഡ് തുക 11,111 രൂപയും പ്രശസ്തിപത്രവുമാണ്. 2024 നവംബർ 10 ന് അവാർഡ് സമർപ്പണം നടക്കും.

ഫോൺ നമ്പർ : പ്രസിഡന്റ്-9847874487, സെക്രട്ടറി- 9496246074



കൊടുങ്ങല്ലൂർ – കോട്ടപ്പുറം രൂപതയിലെ
പാരമ്പര്യവും പൗരാണികതയും
നിറഞ്ഞുനിൽക്കുന്ന ചരിത്ര പ്രസിദ്ധമായ
കാര മൗണ്ട് കാർമ്മൽ
ദൈവാലയത്തിൽ
പരിശുദ്ധ കർമ്മല മാതാവിന്റെ
മദ്ധ്യസ്ഥ
തിരുനാൾ
2024
ആഗസ്റ്റ്
14 മുതൽ
18 വരെ
1, 2, 3, 4 തിയ്യതികളിൽ
വിശുദ്ധീകരണ
കുടുംബ നവീകരണ ധ്യാനം
5 മുതൽ നവനാൾ ദിനങ്ങൾ
14 ബുധൻ കൊടികയറ്റം
18 ഞായർ തിരുനാൾ ദിനം

## പിതാവിന്റെ ഡയറി –ആഗസ്റ്റ് 2024

| | | |
|---|---|---|
| ആഗസ്റ്റ് 01 | Priest Society Day at Vikas | 10.30 am |
| ആഗസ്റ്റ് 02 - 04 | ബാംഗ്ലൂർ | |
| ആഗസ്റ്റ് 05 - 09 | KCBC Retreat for Bishop | |
| ആഗസ്റ്റ് 10 | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് | 03.00 pm |
| ആഗസ്റ്റ് 11 | തിരുനാൾ ദിവ്യബലി | 05.00 pm |
| ആഗസ്റ്റ് 12 | ദിവ്യബലി, വരാപ്പുഴ ബസിലിക്ക | 06.00 pm |
| ആഗസ്റ്റ് 13 | കൊടികയറ്റം, ദിവ്യബലി, കുറ്റിക്കാട് | 05.00 pm |
| ആഗസ്റ്റ് 14 | കൊടികയറ്റം, ദിവ്യബലി, കാര | 05.00 pm |
| ആഗസ്റ്റ് 15 | തിരുനാൾ ദിവ്യബലി, വെറ്റിലപ്പാറ | 10.00 am |
| | ദിവ്യബലി, മനക്കപ്പടി | 05.30 pm |
| ആഗസ്റ്റ് 16 | സ്ഥൈര്യലേപനം, ബിഷപ്സ് ഹൗസ് | 07.00 am |
| ആഗസ്റ്റ് 25 | ദിവ്യബലി, കൊടുങ്ങല്ലൂർ (ഫൊറോന യുവജനദിനം) | 09.30 am |
| ആഗസ്റ്റ് 26 | Ongoing Formation for Priests (2015-2024) at Bishop's house | 09.30 am |
| ആഗസ്റ്റ് 28 | KLCA State Team Meet Bishop | 11.30 am |
| ആഗസ്റ്റ് 29 | Priest Society Meeting | |
| | തിരുനാൾ ദിവ്യബലി, സെന്റ് മോനിക്ക, മൂലമ്പിള്ളി | 05.30 pm |
| ആഗസ്റ്റ് 30 | പാസ്റ്ററൽ വിസിറ്റ്, പീച്ചി | |



പിൻമൊഴി



# കോരന് കഞ്ഞി കുമ്പിളിൽത്തന്നെ



ഫാ. ജോസഫ് കുന്നത്തൂർ

*"ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം*
*കേരളമെന്നു കേട്ടാലോ തിളയ്ക്കണം നമുക്കു ചോര ഞരമ്പുകളിൽ"*

മലയാളികളുടെ ദേശീയ കാഴ്ചപ്പാട് വള്ളത്തോൾ വരച്ചിട്ടത് ഈ വരികളിലൂടെയാണ്. എന്നാൽ ഇന്ത്യ ഉപഭൂഖണ്ഡത്തിന്റെ തെക്കേ അറ്റത്ത് കേരളമെന്ന ഒരു സംസ്ഥാനമുണ്ടെന്നുപോലും 'ഡൽഹിയിലെ സുൽത്താന്മാർ' അറിഞ്ഞിട്ടില്ല എന്നു തോന്നുന്നു. കേന്ദ്ര ബജറ്റിനെപ്പറ്റിയാണ് പറഞ്ഞുവരുന്നത്. കേരളത്തോടുള്ള ഈ അവഗണന ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ധനമന്ത്രി നിർമ്മല സീതാരാമൻ പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റ് ഒരിക്കൽക്കൂടി അത് അരക്കിട്ട് ഉറപ്പിച്ചു എന്നു മാത്രം. ബീഹാറിനും ആന്ധ്രാപ്രദേശിനും തങ്ങളെ പിന്തുണയ്ക്കുന്ന പ്രാദേശിക പാർട്ടികളെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വാരിക്കോരി കൊടുത്തപ്പോൾ കേരളത്തിന് കഞ്ഞി കുമ്പിളിൽത്തന്നെ. കേരളമെന്ന പേരുപോലും ബജറ്റിൽ ഒരിടത്തും പരാമർശിക്കപ്പെട്ടില്ല. എന്താ കേരളം ഇന്ത്യയുടെ ഭാഗമല്ലെന്നുണ്ടോ?

BJP ഗവൺമെന്റിന്റെ മുൻ ബജറ്റുകളെ അപേക്ഷിച്ച് കുറച്ചുകൂടി നന്മകളുള്ള ഈ ബജറ്റിൽ പോലും കേരളം അവഗണിക്കപ്പെട്ടുവെങ്കിൽ അതിനു കാരണം ഭരണകർത്താക്കളുടെ സങ്കുചിത താല്പര്യങ്ങളും കേരളത്തോടുള്ള വിദ്വേഷ മനോഭാവവും തന്നെയാണ്. **ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ഒരു ബജറ്റ് അവതരിപ്പിക്കുമ്പോൾ സമഭാവനയും ദീർഘവീക്ഷണവും അത്യന്താപേക്ഷിതമാണ്.** ഇന്ത്യാരാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും സമഭാവനയോടെ കാണാൻ കഴിയുന്നില്ലെങ്കിൽ അത് അക്ഷന്തവ്യമായ ഒരു ന്യൂനത തന്നെയാണ്. ചിലർക്കൊക്കെ കൈനിറയെ വിളമ്പിക്കൊടുക്കുകയും ചിലർ വെറുംകൈയ്യോടെ മടങ്ങുകയും ചെയ്യുമ്പോൾ ആ ബജറ്റ് നീതിബോധത്തെ പരിഹസിക്കുന്നതും ദേശീയ കാഴ്ചപ്പാടിന് വിരുദ്ധവും ജനാധിപത്യത്തിനു നേരെ പല്ലിളിക്കുന്നതുമാണെന്ന് പറയേണ്ടി വരും. ഇന്ത്യയെപ്പോലെ ഒരു രാജ്യത്ത് അവതരിപ്പിക്കുന്ന ബജറ്റിൽ ഏറ്റക്കുറച്ചിലുകൾ സ്വാഭാവികം. എന്നാൽ ഒരു സംസ്ഥാനത്തോടുള്ള പൂർണ്ണമായ അവഗണന സഹിക്കാവുന്നതിലും അപ്പുറമാണ്. ബജറ്റിൽ മാത്രമല്ല എല്ലാക്കാര്യങ്ങളിലും കേരളത്തോടുള്ള അവഗണന സുവ്യക്തമാണ്. **2018 ലെ വെള്ളപ്പൊക്കത്തിൽ കേരളം കൈകാലിട്ടടിക്കുമ്പോൾപ്പോലും കാരുണ്യത്തിന്റെ ഒരിറ്റ് കണ്ണുനീർ പൊഴിക്കുവാൻ കേന്ദ്രം തയ്യാറായില്ല.** മറിച്ച് ഒരു പ്രതികാരമെന്നപോലെയായിരുന്നു കേന്ദ്രത്തിന്റെ സമീപനം.

ഇന്ത്യയിലെ ഏറ്റവും വലിയ വ്യവസായമായ റെയിൽവേയുടെ കാര്യത്തിൽ കേരളസംസ്ഥാനത്തിന് ഒരു ഡിവിഷൻ എന്ന ആവശ്യം കാറ്റിൽ പ്പറത്തി നിലവിലുള്ള ഡിവിഷനുകളെ മറ്റ് സംസ്ഥാനങ്ങളിലെ ഡിവിഷനുകളിലേക്ക് കൂട്ടിച്ചേർക്കുവാനാണ് ശ്രമം. ഒരു NITപോലും കേരളത്തിന് അനുവദിക്കുവാൻ തയ്യാറായിട്ടില്ല. **ക്ഷമയ്ക്കും ഒരു അതിരുണ്ടെന്ന് ഡൽഹിയിലെ യജമാനന്മാർ ഓർക്കുന്നതു നന്ന്.** ■


യേശുക്രിസ്തുവിലുള്ള ഞങ്ങളുടെ സ്വാതന്ത്ര്യത്തെ ചൂഷണം ചെയ്ത്, ഞങ്ങളെ അടിമത്തത്തിൽ കൊണ്ടുചെന്നെത്തിക്കുന്നതിന് വ്യാജസഹോദരന്മാർ രഹസ്യത്തിൽ കടന്നുകൂടി.
ഗലാത്തിയാ 2 : 4

# കൂർക്കമറ്റം
## സെന്റ് ആന്റണീസ് കാത്തലിക് ലത്തീൻ ദൈവാലയത്തിൽ



# വി. അന്തോണീസിന്റെ
# ഊട്ടുതിരുനാൾ

2024

## ആഗസ്റ്റ് 15 വ്യാഴം

കൊടികയറ്റം ആഗസ്റ്റ് 13
നവനാൾ ആരംഭം ആഗസ്റ്റ് 4



എല്ലാ ചൊവ്വാഴ്ചകളിലും വൈകീട്ട് 5.30 ന് ദിവ്യബലി, നൊവേന, ആരാധന



2024
ആഗസ്റ്റ്
20
ചൊവ്വ

## കിഴക്കിന്റെ പാദുവ

# ചെട്ടിക്കാട്
# വി. അന്തോണീസിന്റെ
# 829-ാമത് ജന്മദിന തിരുനാൾ

**തിരുകർമ്മങ്ങൾ**

**2024 ആഗസ്റ്റ് 18 ഞായർ**

രാവിലെ 6.30, 9.00 വൈകീട്ട് 5.30 ദിവ്യബലി

രാവിലെ 7.30 മുതൽ വൈകീട്ട് 7.30 വരെ

കുമ്പസാരം, പുണ്യവാന് അടിമയിരിക്കൽ

കുഞ്ഞുങ്ങൾക്ക് ചോറൂണ്

**2024 ആഗസ്റ്റ് 19 തിങ്കൾ**

വൈകീട്ട് : 5.30ന് ദിവ്യബലി, നൊവേന

**2024 ആഗസ്റ്റ് 20 ചൊവ്വ**

രാവിലെ : 6.15, 8, 10.30 ഉച്ചകഴിഞ്ഞ് 3, 5 ദിവ്യബലി, നൊവേന, ആരാധന

വൈകീട്ട് 6.30ന് : ദിവ്യബലി, നൊവേന, ജന്മദിനകേക്ക് ആശീർവാദം

മുഖ്യകാർമ്മികൻ : റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ

(വരാപ്പുഴ അതിരൂപത സഹായമെത്രാൻ)

829 കിലോ തൂക്കവും 101 അടി
നീളവുമുള്ള അത്ഭുതകേക്ക്

തിരുനാൾ പ്രസുദേന്തിയാകുവാൻ
1000രൂപ പള്ളി ഓഫീസിൽ നൽകി
പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.



## ഏവർക്കും സ്വാഗതം